يا باغي الخير اقبل
Come On For Charity

# ഇസ്‌ലാമും പൗരധർമവും

മൗലവി മുഹമ്മദ് അമാനി

# الإسلام وحقوق الانسان

تأليف / مولوي محمد أماني رحمه الله وغفر الله له

The Cooperative Office For Call & Guidance to Communities at Rawdhah Area
Under the Supervision of Ministry of Islamic Affairs and Endowment and
Call and Guidance - Riyadh - Rawdhah
Tel. 4918051 Fax 4970561 - P.O. Box 87299 Riyadh 11642

المليبارية
٩٤

# ഇസ്‌ലാമും
# പൗരധർമ്മവും

# الإسلام وحقوق الانسان


تاليف :

مولوي محمد أماني

رحمه الله وغفرالله له



യുവത ബുക്ക്‌ ഹൗസ്‌

പി. ബി. നം. 524, കോഴിക്കോട്‌–2

Islamum Pouradharmavum (Malayalam) by : Moulavi Muhammed Amani (Marhoom) Publishers : Yuvatha book house, P.b.no: 524, Calicut, First Impresion: June-1990 Copies: 2500, Cover: Noushadali, Printing: ISM press Calicut, Price: 5-00, Copyright reserved.

YBH 30 5/90 2500 En-1.

കാൽനൂററാണ്ടുകാലത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമായി വിശുദ്ധ ഖുർആനിന്ന് സലഫീമാർഗം അവലംബമാക്കി വിവരണമെഴുതി കൈരളിക്ക് സമപ്പിച്ച ത്യാഗിവര്യനാണ് മുഹമ്മദ് അമാനി മൗലവി. അനുഗ്രഹീതമായ ആ തൂലിക രണ്ടുവഷം മുമ്പ് നശ്ചലമായി. ഇന്നാലില്ലാഹി....

അമാനി മൗലവിയുടെ ഒരു അപ്രകാശിത കൃതിയാണ് നിങ്ങളുടെ കയ്യിൽ. 1946 ൽ മൊറയൂരിൽ ദർസ് നടത്തിക്കൊണ്ടിരിക്കെ അദ്ദേഹം തയ്യാറാക്കിയ കയ്യെഴുത്തുപ്രതിക്ക് പുനരാഖ്യാനം നല്കിയിരിക്കുന്നത് ജ : അബ്ദുൽ ജബ്ബാർ തൂപ്പനച്ചിയാണ്. ഏകദേശം അരനൂററാണ്ട് മുമ്പ് രചിക്കപ്പെട്ട് പലകാരണങ്ങളാലും വെളിച്ചം കാണാതെപോയ ഈ കൃതിയിലെ പ്രതിപാദ്യം ഇന്നും പ്രസക്തമാണ്. രാഷ്ട്രത്തോടുള്ള പൗരന്റെ ധർമങ്ങളെക്കാളേറെ, ഒരു മുസ്ലിം എന്ന നിലക്ക് ദൈവീക മതത്തോടും മതനിയമങ്ങളോടുമുള്ള അവന്റെ കടമകളും കത്തവ്യങ്ങളുമാണിതിൽ പ്രകടമാവുക. കൂടാതെ, ഒരു ഉന്നത സംസ്കാരമെന്ന നിലക്കുള്ള ഇസ്ലാമിന്റെ പ്രത്യേകതകളും സന്തുലിതമായ സാമൂഹ്യജീവിത ക്രമത്തിന്റെ ഇസ്ലാമിക മാനങ്ങളും ഇതിൽ വായനക്കാക്ക് ദശിക്കാം.

ചില ആവത്തനങ്ങളും ഒന്നുരണ്ടു പദപരമായ ചച്ചയും ഒഴിവാക്കിയിട്ടുണ്ട്. ആയത്തുകാക്കും ഹദീസുകാക്കും അറബി മൂലം കൊടുത്തിട്ടില്ല. അധികവും ആശയ വിവത്തനങ്ങളാണ്.

ഇസ്ലാമിനെ മൈഷണികമായി വിലയിരുത്തിക്കൊണ്ടുള്ള ഈ ലഘുകൃതി സാധാരണക്കാക്കും ചിന്തകന്മാക്കും ഉപകാരപ്പെടുമെന്ന് ഞങ്ങാ പ്രതീക്ഷിക്കുന്നു. ഗ്രന്ഥകത്താവിനും നമുക്കും ഇതൊരു സൽകർമമായി തീരട്ടെ എന്ന പ്രാത്ഥനയോടെ ഈ കൃതി അനുവാചകക്കായി സമപ്പിക്കട്ടെ.

—പ്രസാധകർ

# പ്രസ്താവന

ഇതൊരു ഗ്രന്ഥമല്ല. ഇസ്ലാമിലെ നാഗരികത്വത്തെ പുരസ്കരിച്ച് ഒരു ലേഖനം പത്രത്തിലേക്കയക്കാൻ വേണ്ടി ഞാൻ എഴുതുകയുണ്ടായി. അത് അയച്ചില്ല. അത് അല്പം നീണ്ടുപോയി. ഒരു ചെറുകൃതിയാക്കാമെന്നുവെച്ചു. എന്നാൽ ഉദ്ദേശിച്ച പലതും എഴുതാൻ കഴിഞ്ഞില്ല.

പ്രതിപാദന രീതിയിലോ ഭാഷാപ്രയോഗത്തിന്റെ കാര്യത്തിലോ ഇതൊരു പുസ്തകമെന്ന് പറയാൻ പോലും യോഗ്യമല്ല. അത്തരം പോരായ്മകൾ വായനക്കാർ ക്ഷമിക്കുക. ആശയപരമായി വല്ല തകരാറും കണ്ടാൽ സദയം ഉണർത്തണമെന്നപേക്ഷ.

ആയത്തുകളും ഹദീസുകളും ശരിയായ തർജ്ജമയല്ല. ആശയ വിവർത്തനം മാത്രമാണ്. അല്ലാഹു നമ്മെ അവന്റെ ദീനിനെ സേവനം ചെയ്യുന്നവരാക്കിത്തരട്ടെ- ആമീൻ

—മുഹമ്മദ് അമാനി

# ഇസ്ലാമിലെ നാഗരികത്വം

പതിനാലു നൂറ്റാണ്ടുമുമ്പ് അറേബ്യയിൽ ഒരു പ്രവാചകന്റെ നിയോഗമുണ്ടായി. മനുഷ്യന് സൻമാർഗം കാണിക്കാനും അവനെ മനുഷ്യത്വത്തിലേക്ക് നയിക്കാനും വേണ്ടി. അന്ന്-ലോകമാസകലം അന്ധതയുടെ, ദുരാചാരത്തിന്റെ, കയ്യൂക്കിന്റെ അക്രമത്തിന്റെ വ്യാഘ്ര ദംഷ്ട്രങ്ങളിൽപെട്ട് നട്ടംതിരിയുകയായിരുന്നു.രണ്ടു വൻശക്തികളായിരുന്ന റോമിന്റെയും പേർഷ്യയുടെയും സ്വാർത്ഥതാൽപര്യങ്ങൾക്കൊത്ത് ജനങ്ങൾ തുള്ളേണ്ടിയിരുന്നു. അന്ന് അറബികളാകട്ടെ-പരസ്പരം ചോര കുടിക്കുകയായിരുന്നു. സന്താനഹത്യയും വ്യഭിചാരവും മററും അന്തസ്സായി ഗണിച്ചിരുന്നു! ദേവൻമാരും മഹത്തുക്കളും മാത്രമല്ല സൂര്യചന്ദ്രൻമാരും കല്ലും മരവും എല്ലാം അവരുടെആരാധ്യവസ്തുക്കളായിരുന്നു. അക്ഷരജ്ഞാനംപോലും വിരലിലെണ്ണാവുന്നവർക്കുമാത്രം. ആകെക്കൂടി കട്ടപിടിച്ച ആ ഇരുട്ടിലേക്ക് സൻമാർഗത്തിന്റെ ദീപ്തിയുമായി ആ പ്രവാചകൻ കടന്നുവന്നു. അവർക്ക് ദൈവ വചനങ്ങൾ ഓതിക്കൊടുത്തു. വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചു. മനുഷ്യത്വത്തിന്റെ വില പഠിപ്പിച്ചു.വിജ്ഞാന സമ്പാദനത്തിന്പ്രചോദനമേകി.

അവർ ആ ദൗത്യം സ്വീകരിച്ചു. ചുററുപാടിലേക്ക് ആ പ്രഭ ചൊരിഞ്ഞു. ലോകം ഉണർന്നു. റോമും പേർഷ്യയും അവരുടെ കീഴിലായി. ലോകത്തിന് അവർ മാതൃകയായി. ആ സംസ്കാരം സ്പെയിൻമുതൽ സിന്ധുനദീതടംവരെ വ്യാപിച്ചു. വിജ്ഞാന കവാടങ്ങൾ അവർ മലർക്കെ തുറന്നു. അക്ഷരാർത്ഥത്തിൽ അവർ മനുഷ്യരായി. ഇതായിരുന്നു ഇസ്ലാമിന്റെ ഉയിർത്തെഴുന്നേൽപ്പ്, അന്ത്യപ്രവാചകൻ മുഹമ്മദ് നബിയിലൂടെ.

ഇസ്ലാം എന്ന പ്രത്യയശാസ്ത്രം ജീവിത ഗന്ധിയായ ഒരു തത്വസംഹിതയോ? അതോ അപ്രായോഗികമായ ഒരു ഉട്ടോപ്പിയൻ ആശയമോ? ആറാം നൂററാണ്ടിലേക്കു മാത്രമായിരുന്നുവോ അതിന്റെ പ്രസക്തി? അതോ ഇരുപതാം നൂററാണ്ടിലെ പരിഷ്കൃത ലോകത്തിനും യോജിക്കുമോ? നമ്മുടെ മുന്നിലുള്ള പ്രശ്നങ്ങളാണിവ.

### പഴയ മതം

ഇസ്ലാം ഒരു പുതിയ മതമല്ല. മനുഷ്യപിതാവു മുതൽ ലോകാവസാനം വരെയുള്ള എല്ലാവർക്കുമായി ദൈവം നൽകിയ മതമാണിസ്ലാം. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്തത് ഇസ്ലാം ആയിരുന്നു. കാലോചിതമായി ചില മാററങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും മൂലതത്വം എന്നും ഒന്നുതന്നെ. ദൈവ വിശ്വാസം, പരലോകചിന്ത, മനുഷ്യന്റെ പ്രവർത്തന രംഗത്തെ ധർമചിന്ത തുടങ്ങിയ മൗലിക കാര്യങ്ങൾ കാലഘട്ടത്തിനനുസരിച്ച് മാററം വരുന്നില്ല. മുഹമ്മദ് നബിയിലൂടെ അതിന്റെ പ്രായോഗിക രൂപം പരിപൂർണ്ണമായി അവതരിച്ചു എന്നർത്ഥം. ദാവിദാർ കൗഹർട്ട് പറഞ്ഞു: ''ഇസ്ലാം പുതിയ വിശ്വാസമൊന്നും കൊണ്ടുവന്നിട്ടില്ല. ഒരു പുതിയ സന്ദേശവും അതിലില്ല. എല്ലാ പ്രവാചകൻമാരും പറഞ്ഞതിനേക്കാൾ ഒരു ഭരണക്രമവും നിയമസംഹിതയുമുണ്ടെന്നുമാത്രം''.

## ഇസ്ലാമിന്റെ ആധാരം

ഇസ്ലാമിന്റെ ആധാരം വിശുദ്ധ ഖുർആനാണ്. ഖുർആൻ മതകാര്യങ്ങളുടെ അടിസ്ഥാനമെന്നു മാത്രമല്ല, മനുഷ്യവർഗത്തിന്റെജീവിത കാര്യങ്ങളെ മുഴുവൻ സ്പർശിക്കുകയും വ്യ

ക്തിപരവുംസാമൂഹികവുമായ നിയമനിർദേശങ്ങൾ നൽകുകയും ചെയ്യ ഗ്രന്ഥമണിത്. ജോൺസൺ എന്ന ചിന്തകൻ ഖുർആനി നെ വിലയിരുത്തിയതിങ്ങനെയാണ്. ''ഖുർആനിന്റെ വാക്യ ങ്ങൾ പദ്യങ്ങളല്ല; പദ്യങ്ങളേക്കാൾ ആകർഷകമാണ്. 'പർ വ്വത പ്രസംഗങ്ങൾ' പോലെയുള്ള ഒരു കാവ്യമല്ല അത്. ബു ദ്ധന്റെ അധ്യാപനങ്ങൾ പോലെ പരസ്പര വിരുദ്ധങ്ങ ളുമല്ല. പ്ലാറ്റോയുടെ കഷ്ടപ്പെട്ട പരിശ്രമങ്ങൾ പോലെയു മല്ല. അത് കാലാതിവർത്തിയായി എല്ലാ സമുദായത്തിലുള്ള വരുമായും ആത്മബന്ധം സ്ഥാപിച്ച പ്രവാചകവര്യന്റെ ദൗ ത്യാധ്യാപനങ്ങൾ മാത്രമാണ്. മാനവഹൃദയത്തിലേക്കതി ന്റെ അലകൾ ആഴ്ന്നിറങ്ങുന്ന അതിന്റെ പ്രകാശം അടുത്തു തന്നെ യൂറോപ്പിന്റെ തമസ്സകററാൻ പര്യാപ്തമായേക്കാം''

ഹൈദരാബാദ് കോളേജിൽ പ്രിൻസിപ്പലായിരുന്ന 'മാസ്റ്റർ നിച്ചന്തോപാദ്ധ്യായ' ഇയ്യിടെ ഇസ്ലാം സ്വീകരിക്കു കയുണ്ടായി. മുഹമ്മദ് ഇസ്സുദ്ദീൻ എന്ന പേർ സ്വീകരിച്ച അ ദ്ദേഹം ''ഞാൻ എന്തുകൊണ്ട് ഇസ്ലാം സ്വീകരിച്ചു?'' എന്ന ഗ്രന്ഥം രചിച്ചു. അതിൽ വിവിധ മതങ്ങളെ താരതമ്യപ്പെടു ത്തിയ അദ്ദേഹം ഇസ്ലാമിന്റെ പ്രത്യേകതയായി ചൂണ്ടിക്കാ ട്ടുന്ന കാര്യങ്ങളുടെ ചുരുക്കം ഇതാണ്. 1) ഇസ്ലാമിന്റെ മൂലപ്രമാണങ്ങൾ ചരിത്രസാക്ഷ്യങ്ങളാൽ ബലിഷ്ഠമാണ്. 2) മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാവുന്നതാണ് അതിലെ നി യമങ്ങൾ. 3) അതിലെ വിധിവിലക്കുകൾ എക്കാലത്തും പ്രസ ക്തവും പ്രായോഗികവുമാണ്.

ഫ്രഞ്ച് ചിന്തകനായ 'മിസ്യോലൂൺ റോശ്' 'മുപ്പതുകൊ ല്ലം ഇസ്ലാമിൽ' എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു. ''ഞാൻ മനസ്സിലാക്കിയ മതങ്ങളിൽവച്ച് ഏററവും ശ്രേഷ്ഠ മായത് ഇസ്ലാം മതമാണ്. അത് മനുഷ്യന്റെ പ്രകൃതി മതമാണ്. സാമ്പത്തിക മതവും സാഹിത്യമതവും അതുതന്നെ. ആ മതം അതിന്റെ അനുയായികളിൽ മാന്യതയും സൽസ്വഭാ വവും ഉണ്ടാക്കിയിരിക്കുന്നു. കളവ്, വഞ്ചന, ദുർവിചാരം തു ടങ്ങിയ ചീത്ത കാര്യങ്ങളിൽനിന്ന് അവർ സ്വാഭാവികമായി അകലുന്നു. അതുകൊണ്ടുതന്നെയാവാം മറേറതു സമൂഹത്തേക്കാ ളും സാമ്പത്തികമായി മുസ്ലിംകൾ പിന്നിലായത്''.

മാനവരാശിയുടെ നിലനില്പിന്നാധാരമായ സാമ്പത്തകരംഗം ഏററവും മാതൃകാപരമായി ഖുർആൻ കൈകാര്യം ചെയ്തിട്ടുണ്ട്. ഉള്ളവനും ഇല്ലാത്തവനും എന്നിങ്ങനെ ചേരിതിരിവും സംഘട്ടനവും സൃഷ്ടിക്കുകയല്ല, മറിച്ച് ധനികന്റെ ധനം ദൈവാനുഗ്രഹമാണെന്നും ദരിദ്രനെ സഹായിക്കൽ തന്റെ കടമയാണെന്നുമുള്ള ബോധം സൃഷ്ടിക്കുകയും ദൈവാനുഗ്രഹം സമസൃഷ്ടികൾക്ക് പങ്കുവെക്കാൻ സൻമനസ്സുണ്ടാക്കുകയുമാണ് ഖുർആൻ ചെയ്യുന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി 'റോശ്' പറയുന്നു: ''ആധുനിക സോഷ്യലിസം ഖുർആനികാശയത്തിന്റെ അടുത്തുപോലും എത്തുകയില്ല''.

അദ്ദേഹം തുടരുന്നു: ''ഇസ്‌ലാമിനെ ജനങ്ങൾക്ക് ശരിയായി പഠിപ്പിക്കാനും അതിന്റെ പ്രായോഗികരൂപം കാണിച്ചുകൊടുക്കാനും തക്ക ആളുകൾ ഇന്നുണ്ടായിരുന്നുവെങ്കിൽ, ലോകത്തിലെ ഏററവും ഉന്നതസമൂഹം മുസ്‌ലിംകളാകുമായിരുന്നു. പക്ഷെ ഇസ്‌ലാമിലില്ലാത്ത പലതും അതിന്റെ പേരിൽ ചുമത്തുവാനും വിധിവിലക്കുകളെ മാററി മറിക്കുവാനും ഒരുമ്പെട്ടിരിക്കുന്ന ചില യാഥാസ്ഥികൻമാരാണ് ഇസ്‌ലാമിക നവോത്ഥാനത്തിന്റെ കണ്ഠകോടാലികൾ.

ജ്ഞാനത്തിന്റെ വെളിച്ചം യൂറോപ്പിൽ കടന്നുചെന്നിട്ടില്ലാത്ത കാലത്ത് ജ്ഞാനം, തത്വശാസ്ത്രം, സാഹിത്യം തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ മുസ്‌ലിംസമുദായത്തിൽനിന്ന് ഉദിച്ചുയർന്നു യൂറോപ്പിൽ വ്യാപിച്ചു. ബഗ്ദാദ്, ബസറ, സമർഖന്ത്, ഡമാസ്കസ്, കൊർഡോവ, ഗർനാടാ, ഖൈറുവാൻ, ഈജിപ്ത്, പേർഷ്യ തുടങ്ങിയ മുസ്‌ലിം തലസ്ഥാനങ്ങൾ കലാശാലകളുടെയും വിജ്ഞാനത്തിന്റെയും കലവറയായിരുന്നു.

## രണ്ടുതരം ആളുകൾ

ഇസ്‌ലാമിന്റെ മഹത്വത്തെയും നാഗരികതത്വത്തെയും സംബന്ധിച്ച് ഇതര മതസ്ഥരായ ചിന്തകൻമാരുടെ അഭിപ്രായങ്ങളിൽ ചിലതാണ് നാം കണ്ടത്. എന്നാൽ ഈ സമുദായത്തിന്റെ സ്ഥിതിയെന്താണ്? രണ്ടുതരം ആൾക്കാരുണ്ട് നമ്മുടെ മുന്നിൽ. യാഥാസ്ഥികത്വത്തിന്റെ നീരാളിപ്പിടുത്തത്തിൽപ്പെട്ട് ഇസ്‌ലാമിന്റെ തനതായ രൂപം മനസ്സിലാക്കാനോ ലോക

ത്തിന്റെ ഗതിവിഗതികളെപ്പററി ചിന്തിക്കാനോ കഴിഞ്ഞിട്ടില്ലാത്ത പാമരൻമാരാണ് ഒരു കൂട്ടർ. വിശ്വാസത്തിന്റെയും മൂല്യബോധത്തിന്റെയും അന്തസ്സത്ത മനസ്സിലാക്കാത്ത, ആധുനികതയുടെ പിന്നാലെ പായുന്ന അഭ്യസ്ത വിദ്യരെന്ന് നാം പറയുന്ന പരിഷ്കൃത സമൂഹമാണ് രണ്ടാമത്തേത്. യഥാർത്ഥത്തിൽ ഈ രണ്ട വിഭാഗവും ഇസ്ലാമിക വിശ്വാസത്തിനും പ്രചാരണത്തിനും ദോഷം മാത്രമേ ചെയ്തിട്ടുള്ള. അന്ധവിശ്വാസങ്ങളും അത്യാചാരങ്ങളും മതത്തിന്റെ പരിവേഷമണിയിച്ച് സമൂഹത്തിൽ നടപ്പിൽ വരുത്തിയവരാണ് ഒരു വിഭാഗമെങ്കിൽ, മതമൂല്യങ്ങളെത്തന്നെ തള്ളിപ്പറയുന്നവരാണ് മറുപക്ഷം. മുഴുവൻ കല്ലിനെയും ആദരിച്ച് വഴിപാടർപ്പിക്കുന്ന ആദ്യവിഭാഗവും, ഇസ്ലാമിന്റെ 'ചിഹ്ന'ങ്ങളെപ്പോലും പുഛിക്കുന്ന രണ്ടാമത്തെ വിഭാഗവും ഇസ്ലാമിന്ന് ഗുണകരമായി സേവനം നൽകിയവരല്ല. ചുരുക്കത്തിൽ മററുള്ളവർ മനസ്സിലാക്കിയ അത്രപോലും മുസ്ലിംകൾ ഇസ്ലാം ഉൾക്കൊണ്ടില്ല എന്ന ഖേദകരമായ അവസ്ഥയാണ് നമ്മുടെ മുന്നിലുള്ളത്.

## ഇസ്ലാമിന്റെ ഉള്ളടക്കം

മനുഷ്യബുദ്ധിക്ക് അതർഹിക്കുന്ന സ്ഥാനം നൽകുന്നു ഇസ്ലാം. ധർമം, സംസ്കാരം സമത്വം, ബുദ്ധിപൂർവ്വകമായ നിയമങ്ങൾ, സുസമ്മതമായ കർമാനുഷ്ഠാനങ്ങൾ തുടങ്ങിയവയാണ് ഇസ്ലാമിന്റെ കാതലായ വശം. പരലോകമോക്ഷവും ആത്മീയശാന്തിയും ലക്ഷ്യം വച്ച് ജീവിക്കുന്ന വിശ്വാസി, ഐഹികജീവിത പുരോഗതിക്കും ലോകസമാധാനത്തിനും സമൂഹത്തിന്റെ അഭിവൃദ്ധിക്കും സ്വാഭാവികമായും കൊള്ളാവുന്നവനായിരിക്കും. സാമൂഹ്യനീതി നിർവ്വഹണരംഗത്താവട്ടെ, ധനികനും ദരിദ്രനും നേതാവും സാധാരണക്കാരനും ഉന്നതനും താഴ്ന്നവനും എല്ലാം തുല്യമായി ഗണിക്കപ്പെടുന്ന അതുല്യ സംസ്കാരവും നാഗരികതവുമാണ് ഇസ്ലാം ലോകത്തിനുമുന്നിൽ സമർപ്പിക്കുന്നത്. പ്രവാചകന്റെ ജീവിതത്തിൽ ഇതിനു നിരവധി ഉദാഹരണങ്ങൾ കാണാം. ''അറബിക്ക് അനറബിയേക്കാളോ മറിച്ചോ യാതൊരു പ്രാധാന്യവുമില്ല. ദൈവത്തിങ്കൽ മാന്യൻ ഭക്തനത്രെ'' എന്ന പ്രവാചക വചനം എത്ര ഉദാത്തമാണ്!

ഖലീഫ അബൂബക്കർ (റ) സ്ഥാനാരോഹണം ചെയ്ത പ്പോൾ സമൂഹത്തോടായി നടത്തിയ പ്രസംഗം ചരിത്രത്തിൽ തുല്യതയില്ലാത്ത നീതിബോധത്തിന്റെ പ്രതീകമായിരുന്നു. ''ജനങ്ങളേ, നിങ്ങളുടെ മേൽ എനിക്ക് ആധിപത്യം ലഭിച്ചി ട്ടുണ്ടെങ്കിലും ഞാൻ നിങ്ങളേക്കാൾ മികച്ചവനൊന്നുമല്ല. ന്യാ യമാണ് ഞാൻ ചെയ്യുന്നതെങ്കിൽ നിങ്ങളെന്നെ സഹായിക്ക ണം. അല്ലാത്തപ്പോൾ നിങ്ങളെന്നെ നല്ല വഴിക്ക് നയിക്ക ണം. ഒരു ദുർബലന് കൊടുത്തുതീർക്കാനുള്ള അവകാശം നൽ കുന്നതുവരെ അവൻ എന്റെ കണ്ണിൽ ശക്തനാണ്. എന്നാൽ ഒരു ശക്തന്റെ പക്കൽനിന്ന് ലഭിക്കാനുള്ള അവകാശം ലഭിക്കു ന്നതുവരെ അവനെന്റെ ദൃഷ്ടിയിൽ ദുർബലനാണ്.'' നോക്കൂ നീതിബോധത്തിന്റെയും വിനയത്തിന്റെയും ഈ ഭാഷ ഒരു വിശ്വാസിയിൽനിന്നു മാത്രമേ വരൂ. അദ്ദേഹത്തിന്റെ പ്രവർത്തനവും ഇങ്ങനെത്തന്നെയായിരുന്നു.

## ഇസ്‌ലാമിന്റെ സന്ദേശം

കണ്ണിൽ കണ്ടതിനെയൊക്കെ ഭയക്കുകയും വണങ്ങുകയും ചെയ്തിരുന്നവരെ സർവ്വശക്തനിലേക്കുമാത്രം തിരിക്കുകയാണി സ്‌ലാം ആദ്യമായി ചെയ്തത്. തോന്നിവാസത്തിൽ മുഴുകിയ സമൂഹത്തെ സൽസ്വഭാവത്തിന്റെ മൂർത്തഭാവമാക്കി മാററി, മുഷ്ക്കിന്റെയും പൈശാചികത്വത്തിന്റെയും വൈതാളികൻ മാരെ മനുഷ്യത്വത്തിന്റെയും നാഗരികത്വത്തിന്റെയും അവ ധൂതൻമാരാക്കിമാററി. മാനവികതയുടെ ഈ ഉയിർത്തെഴു ന്നേൽപ്പാണ് അന്ധകാരത്തിൽ മുഴുകിയിരുന്ന യൂറോപ്പിനെ ത ട്ടിയുണർത്തി പുരോഗതിയുടെ സോപാനത്തിലേക്കാനയിച്ച ത്. ഇസ്‌ലാമിന്റെ വ്യാപ്തി വർദ്ധിക്കുന്തോറും മുസ്ലിംകൾ വന്നു ചേരുന്നിടത്തുനിന്നൊക്കെ വിജ്ഞാനത്തിന്റെ വിവിധ ശാഖകൾ സ്വാംശീകരിക്കുകയും അതു പ്രചരിപ്പിക്കുകയും ചെ യ്തിരുന്നതാണതിനു കാരണം. ഇതിനെല്ലാം അവരെ പ്രേരി പ്പിച്ചത് അവരുടെ പ്രമാണമായ വിശുദ്ധ ഖുർആനായിരുന്നു. ആകാശഭൂമികൾ, സൂര്യചന്ദ്രൻമാർ, രാപ്പകലുകൾ, പ്രകൃതിയി ലെ മററു പ്രതിഭാസങ്ങൾ, നിത്യജീവിതത്തിൽ ചുററുപാടും ക ണ്ടുകൊണ്ടിരിക്കുന്ന മററുകാര്യങ്ങൾ തുടങ്ങിയവയെപ്പററിയൊ ക്കെ കുലങ്കഷമായി ചിന്തിക്കുവാനും പഠിക്കുവാനുമുള്ള ഖുർആ

നിൻെറ ആഹ്വാനമാണ് മുസ്ലിംകളെ വിജ്ഞാനകുതുകിക ളാക്കിയത്.

## ചില ഉദാഹരണങ്ങൾ

ചലിക്കുന്ന ഭൂമിയെപ്പററി പതിനാലു നൂററാണ്ടുമുമ്പു ഖുർആൻ സൂചിപ്പിച്ചു ''പർവ്വതങ്ങാം നിശ്ചലമായി നീ കാണുന്നു. എന്നാൽ അവ മേഘങ്ങളെപ്പോലെ ഓടിക്കൊണ്ടിരിക്കയാണ്'' വേറൊരിടത്ത് ''പകലിൻെറ മുകളിൽകൂടി രാത്രിയെ ഉരുട്ടിക്കൊണ്ടിരിക്കുന്നു'' എന്നു പറയുന്നു. ഭൂമിയുടെ ഗോളാകൃതിയാണ് ഈ സൂക്തത്തിലെ സൂചന. ഭൂമിയുടെ ബാലൻസിനുവേണ്ടി ''പർവ്വതങ്ങളെ ആണികളായി സ്ഥാപിച്ചിരിക്കുന്നു'' എന്നു പറയുന്നു. ആധുനിക ഭൂമിശാസ്ത്രം കൃത്യമായി തെളിയിച്ച ശാസ്ത്രവസ്തുതകളാണല്ലോ ഇവയൊക്കെ. ഖുർആനിൻെറ ഈ സൂചനകാം ഗവേഷണ തൽപരതയ്ക്ക് ആക്കംകൂട്ടുന്നു.

ആകാശത്തുനിന്നു വർഷിക്കുന്ന ജലം, ഭൂഗർഭജലം, സൂര്യചന്ദ്രൻമാർ, മററു ഗോളങ്ങാം, നക്ഷത്രങ്ങാം ഇവയുടെ പരസ്പരമുള്ള ആകർഷണശക്തി. തുടങ്ങി അടുത്ത കാലത്തുമാത്രം സ്ഥിരീകരിക്കപ്പെട്ട ഒട്ടേറെ കാര്യങ്ങളിലേക്ക് ഖുർആൻ നൽകിയ സൂചന വിജ്ഞാന കുതുകികാംക്ക് വെളിച്ചം പകരുന്നു. സസ്യലതാദികാം, പക്ഷിമൃഗാദികാം, മററുജന്തുക്കാം തുടങ്ങിയവയിലേക്കും നമ്മുടെ ചിന്ത തിരിയത്തക്ക രീതിയിലുള്ള പ്രതിപാദ്യങ്ങാം ഖുർആനിൽ ധാരാളമുണ്ട്.

ആധുനികശാസ്ത്രം മുഴവൻ ഖുർആനിൽ അടങ്ങിയിരിക്കുന്നു എന്നു സമർത്ഥിക്കുവാൻ വേണ്ടിയല്ല ഇത്രയും പറഞ്ഞത്. ശാസ്ത്രപഠനവും മററു ഭൗതിക കാര്യങ്ങളെപ്പററി മനസ്സിലാക്കലും മുസ്ലിമിൻെറ ബാധ്യതയാണെന്നും അതിന് ഖുർആൻ തന്നെ പ്രചോദനമേകുന്നുവെന്നും ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടായിരുന്നു ആദ്യകാല മുസ്ലിം ചിന്തകൻമാരും പണ്ഡിതൻമാരും പ്രവർത്തിച്ചിരുന്നത്, തൽഫലമായി ഖുർആൻ പഠിച്ചവരൊക്കെ ഏതെങ്കിലും ശാസ്ത്ര ശാഖയിലും നൈപുണ്യം നേടിയവരായിരുന്നു. ഒരു കാലത്ത് വിജ്ഞാനലോകത്തിൻെറ

താക്കോൽ മുസ്ലിംകളുടെ കയ്യിലായിരുന്നു. അതിന്നവരുടെ വഴികാട്ടി ഖുർആനല്ലാതെ മററാരുമായിരുന്നില്ല.

## എങ്ങനെ അധ:പതിച്ചു?

പ്രോജ്ജ്വലമായ ഭൂതകാലത്തിൻെറ ഉടമകൾ എങ്ങനെയാണ് പിന്നോക്കത്തിൻെറ പിന്നണിയിലെത്തിയത്? കുരിശു യുദ്ധങ്ങൾക്കുശേഷം മുസ്ലിംകളുടെ പ്രതാപവും, സമൃദ്ധിയും, ശാസ്ത്രനൈപുണ്യവും, കലാവൈജ്ഞാനിക ശേഖരങ്ങളും അവതാളത്തിലായി. ഒരുവിധത്തിലും കൈവിടാൻ പററാത്ത മതവിജ്ഞാനം ഒഴിച്ച് മറെറല്ലാം കാലാന്തരത്തിൽ നാമാവശേഷമായി.

അതേ സമയം മതവിജ്ഞാനമെങ്കിലും കുററമററതായി അവശേഷിച്ചതുമില്ല. അത്യാവശ്യമായ പലതും അവഗണിച്ചു തള്ളി എന്നു മാത്രമല്ല, അനാവശ്യമായ ഒട്ടേറെ കെട്ടുകഥകളും മററുംകൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. അതിരററതും അപ്രായോഗികവും അവിശ്വസനീയവുമായ നിരവധി കർമ്മശാസ്ത്രപരമായ വിശദീകരണങ്ങളും മനുഷ്യബുദ്ധിയെ അവഗണിക്കുന്ന രീതിയിലുള്ള അന്ധവിശ്വാസങ്ങളും, അനുകരണവാദങ്ങളും ഇസ്ലാമിൻെറ മുഖമുദ്രയായി കുലാശിച്ചു, ഖുർആനും ഹദീസും പാരായണത്തിനു മാത്രമായവശേഷിച്ചു. അവ മനസ്സിലാവുകയില്ലെന്നോ, ആവേണ്ടതില്ലെന്നോ വിശ്വസിച്ചു ഭക്തിയുടെയും 'തസവ്വുഫി'ൻെറയും പേരിൽ സൂഫിസവും 'സിദ്ധി'യും സന്യാസവും ഒക്കെ ഈ സമുദായത്തിനിടയിൽ അരങ്ങേറി. ആകെ കൂടി മുസ്ലിം സമൂഹത്തിൻെറ ചിത്രം ഏററവും ദയനീയമായി. താർത്താരികളുടെ ആക്രമണവും കൂടിയായപ്പോൾ അതു പരിപൂർണമായി.

## യൂറോപ്യരും ക്രിസ്തുമതവും

യൂറോപ്യർ ഈ അവസരം ഉപയോഗപ്പെടുത്തി. അജ്ഞരും അപരിഷ്കൃതരും ആയിരുന്ന അവർ കണ്ണുതുറന്നു. മുസ്ലിംകളെ അവർ നാമാവശേഷമാക്കിയെങ്കിലും അവരുടെ കലകളും വിജ്ഞാനങ്ങളും യൂറോപ്യർ സ്വാംശീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു സ്വന്തമാക്കി. നാഗരികമായി അവർ അതിശക്തമായ മുന്നേററം നടത്തി.

ഇവിടെ നാം മനസ്സിലാക്കേണ്ട മൗലികമായ ഒരു കാര്യ മുണ്ട്. യൂറോപ്യരുടെ — അവർ ക്രിസ്ത്യാനികളാണല്ലോ — നാഗരികതയും ഭൗതികരംഗത്തെ മുന്നേററവും അവരുടെ മതം അവക്ക് നൽകിയ പ്രചോദനത്താലല്ല. ബൈബിളിന്റെ അധ്യാപനങ്ങളുടെ പരിണിതഫലവുമല്ല. അവർ മററുള്ളവ രിൽ നിന്ന് പകർത്തിയതും സ്വന്തമാക്കിയതുമാണ്. എന്നാൽ മുസ്ലിംകൾക്ക് കൈവന്ന ഏതുനേട്ടവും വിശുദ്ധ ഖുർആനി ന്റെ അധ്യാപനങ്ങളിലൂടെയും ഖുർആനിക മനനത്തിലൂടെയും ആയിരുന്നു.

ഭൗതിക വിരക്തിയിലൂടെ ഭക്തി കൈവരിക്കാൻ ആഹ്വാ നംചെയ്ത ക്രിസ്തുമതത്തിന്റെ പുരോഹിത മേധാവികൾ ചർ ച്ചിന്റേതല്ലാത്ത ചിന്തയുടെയും കണ്ടുപിടുത്തങ്ങളുടെയും ഫല മായി അനേകംപേരെ ദ്രോഹിക്കുകയും കൊലപ്പെടുത്തുകയും ചെയ്തു. മുസ്ലിംകളിൽനിന്ന് സ്പെയിൻ കീഴടക്കിയവർ ദശല ക്ഷക്കണക്കിനു ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കി.

കൊർഡോവയുടെയും അസ്ഹറിന്റെയും സ്ഥാപകരായ മുസ്ലിംകളാകട്ടെ ചരിത്രത്തിന്റെ ദശാസന്ധികളിൽ അധ:പ തനത്തിന്റെ പടുകുഴിയിലേക്ക് ആപതിക്കുകയും ചെയ്തു.

## ഇസ്ലാമിന്റെ മൗലികത

സ്രഷ്ടാവായ ഏകദൈവത്തിനുമാത്രം വണങ്ങുക എന്ന ഏകദൈവ സിദ്ധാന്തമാണ് ഇസ്ലാമിന്റെ അടിത്തറ. കല- കാല-ദേശമില്ലാതെ പൗരാവകാശവും നീതിയും എല്ലാവക്കും വകവെച്ചുകൊടുക്കുന്നു. ജീവിതാഭിവൃദ്ധിക്കാവശ്യമായ തൊഴി ലുകളെയും പഠനങ്ങളെയും ഇസ്ലാം പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നു. മാനവജീവിതത്തിൽ ധർമവും അ ധർമവും എന്തെന്ന് വിവേചിക്കുകയും ധർമത്തിന്റെ പക്ഷ ത്തിനു മോക്ഷമുണ്ടെന്നും അധർമകാരികൾക്ക് ശിക്ഷ അനുഭ വിക്കേണ്ടിവരുമെന്നും ഇസ്ലാം അനുശാസിക്കുന്നു. ഈ വിശ്വാ സമാണ് യഥാർത്ഥ മനുഷ്യനെ സൃഷ്ടിക്കുന്നത്. കൂടാതെ മാതാ പിതാക്കൾ സന്താനങ്ങൾ, ഭാര്യാഭർത്താക്കൾ, സഹോദരങ്ങൾ, അയൽവാസികൾ, മിത്രങ്ങൾ, മററുജനങ്ങൾ തുടങ്ങി ഓരോ രുത്തക്കും പരസ്പരമുള്ള കടമകളും അവകാശങ്ങളും സവിസ്തരം പ്രതിപാദിക്കുന്നു. സമസൃഷ്ടി സ്നേഹവും അവരെ സഹായി

ക്കാനുള്ള ഭൂതദയയും ഉണ്ടാവണമെന്ന് നിഷ്കർഷിക്കുന്നു. അ നീതിയും, ദ്രോഹവും, വഞ്ചനയും, നീചവൃത്തിയും പാടെ നിഷേധിക്കുന്നു. ലളിതമായ ആരാധനാ കർമ്മങ്ങൾ അവതരിപ്പിക്കുന്നു. ആശയപ്രചരണവും ആദർശപ്രബോധനവും നടത്തുന്നതോടൊപ്പം മററുമതസ്ഥരെ നിർബന്ധപൂർവ്വം ഇതിലേക്ക് ക്ഷണിക്കുന്നില്ലതാനും. ഇതാണ് മൊത്തത്തിൽ ഇസ്ലാം.

## ഇന്നത്തെ സ്ഥിതി

ഈ ഉന്നതമായ ആദർശത്തിൻെറ ഇന്നത്തെ വക്താക്കളുടെ സ്ഥിതി അത്യന്തം ശോചനീയമാണ്. ഈ അനുയായികൾ ഇന്ന് ഇസ്ലാമിൻെറ ശത്രുക്കളായിത്തീർന്നിട്ടുണ്ട് എന്നുപറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. മുസ്ലിം കുടുംബത്തിൽ പിറന്നു എന്നതും കാനേഷുമാരിയിൽ മുസ്ലിം സമൂഹത്തിൻെറ പട്ടികയിൽ പെടുന്നു എന്നതുമാണ് ബഹുഭൂരിപക്ഷത്തിൻെറയും സ്ഥിതി. അല്പം ഭൗതിക വിദ്യാഭ്യാസവുംകൂടി ലഭിച്ചിട്ടുണ്ടെങ്കിൽ അതിലേറെ ദയനീയം. ഇസ്ലാമിൻെറ മൗലികതയെപ്പററിയുള്ള വിവരമോ, കർമപരിജ്ഞാനമോ, വേഷഭൂഷണങ്ങളോ, സംസ്കാര മര്യാദകളോ അത്തരക്കാരിൽ കാണാൻ പ്രയാസമാണ്, മതമൈത്രിയും വ്യത്യസ്ത വിഭാഗങ്ങളുമായുള്ള സൗഹൃദവും സ്വന്തം വിശ്വാസത്തെ തള്ളിപ്പറയലാണെന്നാണ് പലരുടെയും ധാരണ. മതമാണ് രാഷ്ട്ര പുരോഗതിക്ക് തടസ്സമെന്നും ചില ജൽപനങ്ങൾ കേൾക്കാറുണ്ട്. മതമുക്തമായ ഇന്നത്തെ കേവല രാഷ്ട്രീയ പ്രവർത്തനങ്ങളും മേൽപറഞ്ഞ ശോച്യാവസ്ഥക്ക് ആക്കംകൂട്ടുന്നു.

എന്നാൽ മററുള്ളവർ ഇസ്ലാമിനെയും മുസ്ലിംകളെയും മൊത്തത്തിൽ അവമതിക്കാൻ കാരണം എന്താണെന്ന് നാം ചിന്തിക്കണം. ഇന്ന് മതമായി ബാഹ്യലോകം കാണുന്നത് മതമേലാളൻമാരായ യാഥാസ്ഥിക പുരോഹിതൻമാരെയും അവരെ അന്ധമായി പിന്തുടരുന്ന പാമര ജനങ്ങളെയുമാണ്. ജൂതൻമാരുടെയും ക്രിസ്ത്യാനികളുടെയും അവസ്ഥ തന്നെ മുസ്ലിം സമുദായത്തിനും വന്നു ഭവിച്ചിരിക്കുന്നു. ''നിങ്ങൾക്കുമുമ്പുള്ളവരെ നിങ്ങൾ ചാണിനു ചാണായും മുഴത്തിനുമുഴമായും പിൻപററുക തന്നെചെയ്യും. അവർ ഒരു ഉടുമ്പിൻെറ മാളത്തിൽ പ്രവേശിച്ചെങ്കിൽ നിങ്ങളും അതിൽ പ്രവേശിക്കാതിരിക്കില്ല.'' എന്ന നബി വചനം എത്രമാത്രം അന്വർഥമാണ്! അല്ലാഹു നമ്മെ സൽപാതയിൽ നയിക്കട്ടെ.

# ഇസ്ലാമിലെ നാഗരികത്വം
## (തുടർച്ച)

**നിയമങ്ങൾ :** ഇസ്ലാമിൻെറ നിയമഘടകങ്ങളേയും നീതിപാലന നിദാനങ്ങളേയും പററി നമുക്ക് ചിന്തിക്കാം. ആത്മീയ ശാന്തിക്കം,പരലോക മുക്തിക്കം വേണ്ട കാര്യങ്ങൾമാത്രം പ്രതിപാദിക്കുന്ന മതമല്ല ഇസ്ലാം. ലോകസമാധാനത്തിനും ഐഹിക അഭിവൃദ്ധിക്കം ഉതകുന്ന നിയമസംഹിത കൂടിയാണത്. ലോകം എത്ര പരിഷ്കരിച്ചാലും ഇസ്ലാമിക വിധികൾ അതിന്നു പാകമായിത്തന്നെ നിൽക്കും.

ഇസ്ലാമിലെ കർമ്മ ശാസ്ത്രങ്ങളും സിവിൽ ക്രിമിനൽ നിയമങ്ങളും സാമുദായിക മുറകളും, ഗൃഹഭരണവും, രാഷ്ട്രീയാദർശങ്ങളും പഠിക്കുമ്പോൾ അതിൻെറ പ്രാധാന്യം പ്രായോഗികമായി മനസ്സിലാകും. അനുദിനം അഭിപ്രായം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ നിയമനിർമാണത്തിൻെറ അസ്ഥിരത കണ്ടാൽ മുസ്ലിമിന് അത്ഭുതം തോന്നും. എന്നാൽ ഈ രംഗത്ത് ഖുർആനിക നിയമങ്ങൾ നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ, ദിനംപ്രതി നിയമം മാററുന്നതും ദേശം തോറും നിയമം അതിലംഘിക്കുന്നതും അപ്രായോഗികമായ പരിഷ്കാരം കൊണ്ടുവരുന്നതും അവസാനിക്കുമായിരുന്നു.

## പിൽക്കാലഗ്രന്ഥങ്ങൾ

ഇസ്ലാമിക നിയമശാസ്ത്രത്തെപ്പററി പറയുമ്പോൾ, പിൻഗാമികളായ ചില പണ്ഡിതൻമാരുടെ ഗ്രന്ഥങ്ങളെയും ആധുനിക കാലത്തെ പുരോഹിതന്മാരുടെ ആദർശങ്ങളെയും പററി വ്യസനിക്കാതിരിക്കാൻ നിവൃത്തിയില്ല. കക്ഷികൾക്ക് വേണ്ടി വാദിക്കുകയും, അനാവശ്യമായ വ്യാഖ്യാനം നൽകുകയും ചെയ്യുന്നത് പിൽക്കാല ഗ്രന്ഥങ്ങളുടെ പ്രത്യേകതയാണ്. മധ്യനൂററാണ്ടുകൾക്കുശേഷം ഈ വൈകല്യം ഏറെ കാണാം. ഒരാൾ ഒരു ഗ്രന്ഥമെഴുതിയാൽ വേറൊരാൾ അതൊന്ന് ചുരുക്കും. മൂന്നാമൻ അതു വ്യാഖ്യാനിക്കും. നാലാമൻ അതിൽ കുറെക്കൂടി ചേർക്കും. ഇനിയുമൊരാൾ അതു പിന്നെയും ചുരുക്കും. മൂലഗ്രന്ഥവും അവസാനത്തെ സംഗ്രഹവും തമ്മിലുള്ള ബന്ധം ആനയും കുഴിയാനയുംപോലെയായിരിക്കും. ചില പിൽക്കാല ഗ്രന്ഥങ്ങൾ വായിച്ചാൽ മനുഷ്യക്ക് മനസ്സിലാകാതിരിക്കാൻ വേണ്ടിയോ, ബുദ്ധിയെ പരിഹസിക്കുവാൻ വേണ്ടിയോ രചിച്ചതാണവയെന്നു തോന്നും. ഒററപ്പെട്ട നല്ലഗ്രന്ഥങ്ങൾ ഇല്ലെന്നല്ല പറഞ്ഞത്. എങ്കിലും ഇസ്ലാമിക നിയമങ്ങൾ മനസ്സിലാക്കാൻ ഖുർആനും സുന്നത്തും മുൻകാല ഗ്രന്ഥങ്ങളുമാണ് ആധാരമാക്കേണ്ടത്.

## ഇന്നത്തെ ഇസ്ലാമിക രാഷ്ട്രങ്ങൾ

വ്യസനകരമായ മറെറാരു സംഗതികൂടിയുണ്ട്. ഇന്ന് ഇസ്ലാമിക രാഷ്ട്രങ്ങളായി അറിയപ്പെടുന്നവയുടെ സ്ഥിതിയാണത്. ഹാ! കഷ്ടം! പാശ്ചാത്യൻ രാജ്യങ്ങളുമായുള്ള സമ്പർക്കവും അവർക്ക് ചെയ്യുന്ന ദാസ്യവും കാരണം അവരെ തൃപ്തിപ്പെടുത്താൻ വേണ്ടി ഇസ്ലാമിക ഭരണ നിയമങ്ങൾ മിക്കരാജ്യങ്ങളും കയ്യൊഴിച്ചിരിക്കയാണ്. പാശ്ചാത്യരെ അനുകരിക്കുന്തോറും അവരുടെ അടിമകളായിപ്പോകുന്നതാണ് അനുഭവം.

ഇസ്ലാമിലെ ധനവിനിയോഗ നിയമവും ഭരണരീതിയും കൈക്കൊള്ളാൻ ഏതു രാഷ്ട്രം സന്നദ്ധമാകുന്നുവോ അവക്ക് അഭിവൃദ്ധി കൈവരികയും ചെയ്യും. ഇസ്ലാമിക നിയമത്തിൻെറ അപൂർണ്ണത കാരണമോ അപ്രയോഗികതമൂലമോ അല്ല ചില മുസ്ലീം രാഷ്ട്രങ്ങൾ അവ പാലിക്കാത്തത്. ഭൗതിക

ത്തിന്റെ ഗതിവിഗതികളെപ്പററി ചിന്തിക്കാനോ കഴിഞ്ഞിട്ടി ല്ലാത്ത പാമരൻമാരാണ് ഒരു കൂട്ടർ. വിശ്വാസത്തിന്റെയും മൂല്യബോധത്തിന്റെയും അന്തസ്സത്ത മനസ്സിലാക്കാത്ത, ആധുനികതയുടെ പിന്നാലെ പായുന്ന അഭ്യസ്ത വിദ്യരെന്ന് നാം പറയുന്ന പരിഷ്കൃത സമൂഹമാണ് രണ്ടാമത്തേത്. യഥാർത്ഥത്തിൽ ഈ രണ്ടു വിഭാഗവും ഇസ്ലാമിക വിശ്വാസത്തിനും പ്രചാരണത്തിനും ദോഷം മാത്രമേ ചെയ്തിട്ടുള്ളൂ. അന്ധവിശ്വാസങ്ങളും അത്യാചാരങ്ങളും മതത്തിന്റെ പരിവേഷമണിയിച്ച് സമൂഹത്തിൽ നടപ്പിൽ വരുത്തിയവരാണ് ഒരു വിഭാഗമെങ്കിൽ, മതമൂല്യങ്ങളെത്തന്നെ തള്ളിപ്പറയുന്നവരാണ് മറുപക്ഷം. മുഴവൻ കല്ലിനെയും ആദരിച്ച് വഴിപാടർപ്പിക്കുന്ന ആദ്യവിഭാഗവും, ഇസ്ലാമിന്റെ 'ചിഹ്ന'ങ്ങളെപ്പോലും പുഛിക്കുന്ന രണ്ടാമത്തെ വിഭാഗവും ഇസ്ലാമിന്ന് ഗുണകരമായി സേവനം നൽകിയവരല്ല. ചുരുക്കത്തിൽ മററുള്ളവർ മനസ്സിലാക്കിയ അത്രപോലും മുസ്ലിംകൾ ഇസ്ലാം ഉൾക്കൊണ്ടില്ല എന്ന ഖേദകരമായ അവസ്ഥയാണ് നമ്മുടെ മുന്നിലുള്ളത്.

## ഇസ്ലാമിന്റെ ഉള്ളടക്കം

മനുഷ്യബുദ്ധിക്ക് അതർഹിക്കുന്ന സ്ഥാനം നൽകുന്നു ഇസ്ലാം. ധർമം, സംസ്കാരം സമത്വം, ബുദ്ധിപൂർവ്വകമായ നിയമങ്ങൾ, സുസമ്മതമായ കർമാനുഷ്ഠാനങ്ങൾ തുടങ്ങിയവയാണ് ഇസ്ലാമിന്റെ കാതലായ വശം. പരലോകമോക്ഷവും ആത്മീയശാന്തിയും ലക്ഷ്യം വച്ച് ജീവിക്കുന്ന വിശ്വാസി, ഐഹികജീവിത പുരോഗതിക്കും ലോകസമാധാനത്തിനും സമൂഹത്തിന്റെ അഭിവൃദ്ധിക്കും സ്വാഭാവികമായും കൊള്ളാവുന്നവനായിരിക്കും. സാമൂഹ്യനീതി നിർവ്വഹണരംഗത്താവട്ടെ, ധനികനും ദരിദ്രനും നേതാവും സാധാരണക്കാരനും ഉന്നതനും താഴ്ന്നവനും എല്ലാം തുല്യമായി ഗണിക്കപ്പെടുന്ന അതുല്യ സംസ്കാരവും നാഗരികതവുമാണ് ഇസ്ലാം ലോകത്തിനുമുന്നിൽ സമർപ്പിക്കുന്നത്. പ്രവാചകന്റെ ജീവിതത്തിൽ ഇതിനു നിരവധി ഉദാഹരണങ്ങൾ കാണാം. ''അറബിക്ക് അനറബിയേക്കാളോ മറിച്ചോ യാതൊരു പ്രാധാന്യവുമില്ല. ദൈവത്തിങ്കൽ മാന്യൻ ഭക്തനത്രെ'' എന്ന പ്രവാചക വചനം എത്ര ഉദാത്തമാണ്!

ഖലീഫ അബൂബക്കർ (റ) സ്ഥാനാരോഹണം ചെയ്ത പ്പോഠം സമൂഹത്തോടായി നടത്തിയ പ്രസംഗം ചരിത്രത്തിൽ തുല്യതയില്ലാത്ത നീതിബോധത്തിന്റെ പ്രതീകമായിരുന്നു. ''ജനങ്ങളേ, നിങ്ങളുടെ മേൽ എനിക്ക് ആധിപത്യം ലഭിച്ചി ട്ടുണ്ടെങ്കിലും ഞാൻ നിങ്ങളേക്കാൾ മികച്ചവനൊന്നുമല്ല. ന്യാ യമാണ് ഞാൻ ചെയ്യുന്നതെങ്കിൽ നിങ്ങളെന്നെ സഹായിക്ക ണം. അല്ലാത്തപ്പോൾ നിങ്ങളെന്നെ നല്ല വഴിക്ക് നയിക്ക ണം. ഒരു ദുർബലന് കൊടുത്തുതീർക്കാനുള്ള അവകാശം നൽ കുന്നതുവരെ അവൻ എന്റെ കണ്ണിൽ ശക്തനാണ്. എന്നാൽ ഒരു ശക്തന്റെ പക്കൽനിന്ന് ലഭിക്കാനുള്ള അവകാശം ലഭിക്കു ന്നതുവരെ അവനെന്റെ ദൃഷ്ടിയിൽ ദുർബലനാണ്.'' നോക്കൂ നീതിബോധത്തിന്റെയും വിനയത്തിന്റെയും ഈ ഭാഷ ഒരു വിശ്വാസിയിൽനിന്നു മാത്രമേ വരൂ. അദ്ദേഹത്തിന്റെ പ്രവർത്തനവും ഇങ്ങനെത്തന്നെയായിരുന്നു.

## ഇസ്ലാമിന്റെ സന്ദേശം

കണ്ണിൽ കണ്ടതിനെയൊക്കെ ഭയക്കുകയും വണങ്ങുകയും ചെയ്തിരുന്നവരെ സർവ്വശക്തനിലേക്കുമാത്രം തിരിക്കുകയാണി സ്ലാം ആദ്യമായി ചെയ്തത്. തോന്നിവാസത്തിൽ മുഴുകിയ സമൂഹത്തെ സൽസ്വഭാവത്തിന്റെ മൂർത്തഭാവമാക്കി മാററി, മൃഷ്ക്കിന്റെയും പൈശാചികത്വത്തിന്റെയും വൈതാളികൻ മാരെ മനുഷ്യത്വത്തിന്റെയും നാഗരികത്വത്തിന്റെയും അവ ധൂതൻമാരാക്കിമാററി. മാനവികതയുടെ ഈ ഉയിർത്തെഴു ന്നേൽപ്പാണ് അന്ധകാരത്തിൽ മുഴുകിയിരുന്ന യൂറോപ്പിനെ ത ട്ടിയുണർത്തി പുരോഗതിയുടെ സോപാനത്തിലേക്കാനയിച്ച ത്. ഇസ്ലാമിന്റെ വ്യാപ്തി വർദ്ധിക്കുന്തോറും മുസ്ലിംകൾ വന്നു ചേരുന്നിടത്തുനിന്നൊക്കെ വിജ്ഞാനത്തിന്റെ വിവിധ ശാഖകൾ സ്വാംശീകരിക്കുകയും അതു പ്രചരിപ്പിക്കുകയും ചെ യ്തിരുന്നതാണതിനു കാരണം. ഇതിനെല്ലാം അവരെ പ്രേരി പ്പിച്ചത് അവരുടെ പ്രമാണമായ വിശുദ്ധ ഖുർആനായിരുന്നു. ആകാശഭൂമികൾ, സൂര്യചന്ദ്രൻമാർ, രാപ്പകലുകൾ, പ്രകൃതിയി ലെ മററു പ്രതിഭാസങ്ങൾ, നിത്യജീവിതത്തിൽ ചുററുപാടും ക ണ്ടുകൊണ്ടിരിക്കുന്ന മററുകാര്യങ്ങൾ തുടങ്ങിയവയെപ്പററിയൊ ക്കെ കൂലങ്കഷമായി ചിന്തിക്കുവാനും പഠിക്കുവാനുമുള്ള ഖുർആ

നിൻെറ ആഹ്വാനമാണ് മുസ്‌ലിംകളെ വിജ്ഞാനകുതുകിക ളാക്കിയത്.

## ചില ഉദാഹരണങ്ങൾ

ചലിക്കുന്ന ഭൂമിയെപ്പററി പതിനാലു നൂററാണ്ടുമുമ്പു ഖുർആൻ സൂചിപ്പിച്ചു ''പർവ്വതങ്ങൾ നിശ്ചലമായി നീ കാണുന്നു. എന്നാൽ അവ മേഘങ്ങളെപ്പോലെ ഓടിക്കൊണ്ടിരിക്കയാണ്'' വേറൊരിടത്ത് ''പകലിൻെറ മുകളിൽകൂടി രാത്രിയെ ഉരുട്ടിക്കൊണ്ടിരിക്കുന്നു'' എന്നു പറയുന്നു. ഭൂമിയുടെ ഗോളാകൃതിയാണ് ഈ സൂക്തത്തിലെ സൂചന. ഭൂമിയുടെ ബാലൻസിനുവേണ്ടി ''പർവ്വതങ്ങളെ ആണികളായി സ്ഥാപിച്ചിരിക്കുന്നു'' എന്നു പറയുന്നു. ആധുനിക ഭൂമിശാസ്ത്രം കൃത്യമായി തെളിയിച്ച ശാസ്ത്രവസ്തുതകളാണല്ലോ ഇവയൊക്കെ. ഖുർആനിൻെറ ഈ സൂചനകൾ ഗവേഷണ തൽപരതയ്ക്ക് ആക്കംകൂട്ടുന്നു.

ആകാശത്തുനിന്നു വർഷിക്കുന്ന ജലം, ഭൂഗർഭജലം, സൂര്യചന്ദ്രൻമാർ, മററു ഗോളങ്ങൾ, നക്ഷത്രങ്ങൾ ഇവയുടെ പരസ്പരമുള്ള ആകർഷണശക്തി. തുടങ്ങി അടുത്ത കാലത്തുമാത്രം സ്ഥിരീകരിക്കപ്പെട്ട ഒട്ടേറെ കാര്യങ്ങളിലേക്ക് ഖുർആൻ നൽകിയ സൂചന വിജ്ഞാന കുതുകികൾക്ക് വെളിച്ചം പകരുന്നു. സസ്യലതാദികൾ, പക്ഷിമൃഗാദികൾ, മററുജന്തുക്കൾ തുടങ്ങിയവയിലേക്കും നമ്മുടെ ചിന്ത തിരിയത്തക്ക രീതിയിലുള്ള പ്രതിപാദ്യങ്ങൾ ഖുർആനിൽ ധാരാളമുണ്ട്.

ആധുനികശാസ്ത്രം മുഴവൻ ഖുർആനിൽ അടങ്ങിയിരിക്കുന്നു എന്നു സമർത്ഥിക്കുവാൻ വേണ്ടിയല്ല ഇത്രയും പറഞ്ഞത്. ശാസ്ത്രപഠനവും മററു ഭൗതിക കാര്യങ്ങളെപ്പററി മനസ്സിലാക്കലും മുസ്‌ലിമിൻെറ ബാധ്യതയാണെന്നും അതിന് ഖുർആൻ തന്നെ പ്രചോദനമേകുന്നുവെന്നും ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടായിരുന്നു ആദ്യകാല മുസ്‌ലിം ചിന്തകൻമാരും പണ്ഡിതൻമാരും പ്രവർത്തിച്ചിരുന്നത്, തൽഫലമായി ഖുർആൻ പഠിച്ചവരൊക്കെ ഏതെങ്കിലും ശാസ്ത്ര ശാഖയിലും നൈപുണ്യം നേടിയവരായിരുന്നു. ഒരു കാലത്ത് വിജ്ഞാനലോകത്തിൻെറ

താക്കോൽ മുസ്ലിംകളുടെ കയ്യിലായിരുന്നു. അതിന്നവരുടെ വഴികാട്ടി ഖുർആനല്ലാതെ മററാരുമായിരുന്നില്ല.

## എങ്ങനെ അധ:പതിച്ചു?

പ്രോജ്ജ്വലമായ ഭൂതകാലത്തിൻെറ ഉടമകൾ എങ്ങനെയാണ് പിന്നോക്കത്തിൻെറ പിന്നണിയിലെത്തിയത്? കുരിശുയുദ്ധങ്ങൾക്കുശേഷം മുസ്ലിംകളുടെ പ്രതാപവും, സമൃദ്ധിയും, ശാസ്ത്രനൈപുണ്യവും, കലാവൈജ്ഞാനിക ശേഖരങ്ങളും അവതാളത്തിലായി. ഒരുവിധത്തിലും കൈവിടാൻ പററാത്ത മതവിജ്ഞാനം ഒഴിച്ചു മറെറല്ലാം കാലാന്തരത്തിൽ നാമാവശേഷമായി.

അതേ സമയം മതവിജ്ഞാനമെങ്കിലും കുററമററതായി അവശേഷിച്ചതുമില്ല. അത്യാവശ്യമായ പലതും അവഗണിച്ചു തള്ളി എന്നു മാത്രമല്ല, അനാവശ്യമായ ഒട്ടേറെ കെട്ടുകഥകളും മററുംകൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. അതിനുററത്തും അപ്രായോഗികവും അവിശ്വസനീയവുമായ നീരവധി കർമ്മശാസ്ത്രപരമായ വിശദീകരണങ്ങളും മനുഷ്യബുദ്ധിയെ അവഗണിക്കുന്ന രീതിയിലുള്ള അന്ധവിശ്വാസങ്ങളും, അനുകരണവാദങ്ങളും ഇസ്ലാമിൻെറ മുഖമുദ്രയായി കലാശിച്ചു, ഖുർആനും ഹദീസും പാരായണത്തിനു മാത്രമായവശേഷിച്ചു. അവ മനസ്സിലാവുകയില്ലെന്നോ, ആവശ്യമില്ലെന്നോ വിശ്വസിച്ചു ഭക്തിയുടെയും 'തസവ്വുഫി'ൻെറയും പേരിൽ സൂഫിസവും 'സിദ്ധി'യും സന്യാസവും ഒക്കെ ഈ സമുദായത്തിനിടയിൽ അരങ്ങേറി. ആകെ കൂടി മുസ്ലിം സമൂഹത്തിൻെറ ചിത്രം ഏററവും ദയനീയമായി.താർത്താരികളുടെ ആക്രമണവും കൂടിയായപ്പോൾ അതു പരിപൂർണമായി.

## യൂറോപ്യരും ക്രിസ്തുമതവും

യൂറോപ്യർ ഈ അവസരം ഉപയോഗപ്പെടുത്തി. അജ്ഞതരും അപരിഷ്കൃതരും ആയിരുന്ന അവർ കണ്ണുതുറന്നു. മുസ്ലിംകളെ അവർ നാമാവശേഷമാക്കിയെങ്കിലും അവരുടെ കലകളും വിജ്ഞാനങ്ങളും യൂറോപ്യർ സ്വാംശീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു സ്വന്തമാക്കി.നാഗരികമായി അവർ അതിശക്തമായ മുന്നേററം നടത്തി.

ഇവിടെ നാം മനസ്സിലാക്കേണ്ട മൗലികമായ ഒരു കാര്യമുണ്ട്. യൂറോപ്യരുടെ — അവർ ക്രിസ്ത്യാനികളാണല്ലോ — നാഗരികതയും ഭൗതികരംഗത്തെ മുന്നേററവും അവരുടെ മതം അവക്ക് നൽകിയ പ്രചോദനത്താലല്ല. ബൈബിളിൻെറ അധ്യാപനങ്ങളുടെ പരിണിതഫലവുമല്ല. അവർ മററുള്ളവരിൽ നിന്ന് പകർത്തിയതും സ്വന്തമാക്കിയതുമാണ്. എന്നാൽ മുസ്ലിംകൾക്ക് കൈവന്ന എല്ലാ നേട്ടവും വിശുദ്ധ ഖുർആനിൻെറ അധ്യാപനങ്ങളിലൂടെയും ഖുർആനിക മനനത്തിലൂടെയും ആയിരുന്നു.

ഭൗതിക വിരക്തിയിലൂടെ ഭക്തി കൈവരിക്കാൻ ആഹ്വാനംചെയ്ത ക്രിസ്തുമതത്തിൻെറ പുരോഹിത മേധാവികൾ ചർച്ചിൻേറതല്ലാത്ത ചിന്തയുടെയും കണ്ടുപിടുത്തങ്ങളുടെയും ഫലമായി അനേകംപേരെ ദ്രോഹിക്കുകയും കൊലപ്പെടുത്തുകയും ചെയ്തു. മുസ്ലിംകളിൽനിന്ന് സ്പെയിൻ കീഴടക്കിയവർ ദശലക്ഷക്കണക്കിനു ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കി.

കൊർഡോവയുടെയും അസ്ഹറിൻെറയും സ്ഥാപകരായ മുസ്ലിംകളാകട്ടെ ചരിത്രത്തിൻെറ ദശാസന്ധികളിൽ അധ:പതനത്തിൻെറ പടുകുഴിയിലേക്ക് ആപതിക്കുകയും ചെയ്തു.

## ഇസ്ലാമിൻെറ മൗലികത

സ്രഷ്ടാവായ ഏകദൈവത്തിനുമാത്രം വണങ്ങുക എന്ന ഏകദൈവ സിദ്ധാന്തമാണ് ഇസ്ലാമിൻെറ അടിത്തറ. കുല-കാല-ദേശമില്ലാതെ പൗരാവകാശവും നീതിയും എല്ലാവർക്കും വകവെച്ചുകൊടുക്കുന്നു. ജീവിതാഭിവൃദ്ധിക്കാവശ്യമായ തൊഴിലുകളെയും പഠനങ്ങളെയും ഇസ്ലാം പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നു. മാനവജീവിതത്തിൽ ധർമവും അധർമവും എന്തെന്ന് വിവേചിക്കുകയും ധർമത്തിൻെറ പക്ഷത്തിനു മോക്ഷമുണ്ടെന്നും അധർമകാരികൾക്ക് ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും ഇസ്ലാം അനുശാസിക്കുന്നു. ഈ വിശ്വാസമാണ് യഥാർത്ഥ മനുഷ്യനെ സൃഷ്ടിക്കുന്നത്. കൂടാതെ മാതാപിതാക്കൾ സന്താനങ്ങൾ, ഭാര്യാഭർത്താക്കൾ, സഹോദരങ്ങൾ, അയൽവാസികൾ, മിത്രങ്ങൾ, മററുജനങ്ങൾ തുടങ്ങി ഓരോരുത്തർക്കും പരസ്പരമുള്ള കടമകളും അവകാശങ്ങളും സവിസ്തരം പ്രതിപാദിക്കുന്നു. സമസൃഷ്ടി സ്നേഹവും അവരെ സഹായി

ക്കാനുള്ള ഭൂതദയയും ഉണ്ടാവണമെന്ന് നിഷ്കർഷിക്കുന്നു. അനീതിയും, ദ്രോഹവും, വഞ്ചനയും, നീചവൃത്തിയും പാടെ നിഷേധിക്കുന്നു. ലളിതമായ ആരാധനാ കർമ്മങ്ങൾ അവതരിപ്പിക്കുന്നു. ആശയപ്രചരണവും ആദർശപ്രബോധനവും നടത്തുന്നതോടൊപ്പം മററുമതസ്ഥരെ നിർബന്ധപൂർവ്വം ഇതിലേക്ക് ക്ഷണിക്കുന്നില്ലതാനും. ഇതാണ് മൊത്തത്തിൽ ഇസ്ലാം.

## ഇന്നത്തെ സ്ഥിതി

ഈ ഉന്നതമായ ആദർശത്തിൻെറ ഇന്നത്തെ വക്താക്കളുടെ സ്ഥിതി അത്യന്തം ശോചനീയമാണ്. ഈ അനുയായികൾ ഇന്ന് ഇസ്ലാമിൻെറ ശത്രുക്കളായിത്തീർന്നിട്ടുണ്ട് എന്നുപറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. മുസ്ലിം കുടുംബത്തിൽ പിറന്നു എന്നതും കാനേഷുമാരിയിൽ മുസ്ലിം സമൂഹത്തിൻെറ പട്ടികയിൽ പെടുന്നു എന്നതുമാണ് ബഹുഭൂരിപക്ഷത്തിൻെറയും സ്ഥിതി. അല്പം ഭൗതിക വിദ്യാഭ്യാസവുംകൂടി ലഭിച്ചിട്ടുണ്ടെങ്കിൽ അതിലേറെ ദയനീയം. ഇസ്ലാമിൻെറ മൗലികതയെപ്പററിയുള്ള വിവരമോ, കർമപരിജ്ഞാനമോ, വേഷഭൂഷണങ്ങളോ, സംസ്കാര മര്യാദകളോ അത്തരക്കാരിൽ കാണാൻ പ്രയാസമാണ്, മതമൈത്രിയും വ്യത്യസ്ത വിഭാഗങ്ങളുമായുള്ള സൗഹൃദവും സ്വന്തം വിശ്വാസത്തെ തള്ളിപ്പറയലാണെന്നാണ് പലരുടെയും ധാരണ. മതമാണ് രാഷ്ട്ര പുരോഗതിക്ക് തടസ്സമെന്നും ചില ജൽപനങ്ങൾ കേൾക്കാറുണ്ട്. മതമുക്തമായ ഇന്നത്തെ കേവല രാഷ്ട്രീയ പ്രവർത്തനങ്ങളും മേൽപറഞ്ഞ ശോച്യാവസ്ഥക്ക് ആക്കംകൂട്ടുന്നു.

എന്നാൽ മററുള്ളവർ ഇസ്ലാമിനെയും മുസ്ലിംകളെയും മൊത്തത്തിൽ അവമതിക്കാൻ കാരണം എന്താണെന്ന് നാം ചിന്തിക്കണം. ഇന്ന് മതമായി ബാഹ്യലോകം കാണുന്നത് മതമേലാളൻമാരായ യാഥാസ്ഥിക പുരോഹിതൻമാരെയും അവരെ അന്ധമായി പിന്തുടരുന്ന പാമര ജനങ്ങളെയുമാണ്. ജൂതൻമാരുടെയും ക്രിസ്ത്യാനികളുടെയും അവസ്ഥ തന്നെ മുസ്ലിം സമുദായത്തിനും വന്നു ഭവിച്ചിരിക്കുന്നു. ''നിങ്ങൾക്കുമുമ്പുള്ളവരെ നിങ്ങൾ ചാണിന്നു ചാണായും മുഴത്തിനുമുഴമായും പിൻപററുക തന്നെചെയ്യും. അവർ ഒരു ഉടുമ്പിൻെറ മാളത്തിൽ പ്രവേശിച്ചെങ്കിൽ നിങ്ങളും അതിൽ പ്രവേശിക്കാതിരിക്കില്ല.'' എന്ന നബി വചനം എത്രമാത്രം അന്വർഥമാണ്! അല്ലാഹു നമ്മെ സൽപാതയിൽ നയിക്കട്ടെ.

# ഇസ്ലാമിലെ നാഗരികത്വം
(തുടർച്ച)

**നിയമങ്ങൾ** : ഇസ്ലാമിൻെറ നിയമഘടകങ്ങളേയും നീതിപാലന നിദാനങ്ങളേയും പററി നമുക്ക് ചിന്തിക്കാം. ആത്മീയ ശാന്തിക്കും,പരലോക മുക്തിക്കും വേണ്ട കാര്യങ്ങൾമാത്രം പ്രതിപാദിക്കുന്ന മതമല്ല ഇസ്ലാം. ലോകസമാധാനത്തിനും ഐഹിക അഭിവൃദ്ധിക്കും ഉതകുന്ന നിയമസംഹിത കൂടിയാണത്. ലോകം എത്ര പരിഷ്ക്കരിച്ചാലും ഇസ്ലാമിക വിധികൾ അതിന്നു പാകമായിത്തന്നെ നിൽക്കും.

ഇസ്ലാമിലെ കർമ്മ ശാസ്ത്രങ്ങളും സിവിൽ ക്രിമിനൽ നിയമങ്ങളും സാമുദായിക മുറകളും, ഗൃഹഭരണവും, രാഷ്ട്രീയാദശങ്ങളും പഠിക്കുമ്പോൾ അതിൻെറ പ്രാധാന്യം പ്രായോഗികമായി മനസ്സിലാകും. അനുദിനം അഭിപ്രായം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ നിയമനിർമാണത്തിൻെറ അസ്ഥിരത കണ്ടാൽ മുസ്ലിമിന് അത്ഭുതം തോന്നും. എന്നാൽ ഈ രംഗത്ത് ഖുർആനിക നിയമങ്ങൾ നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ, ദിനംപ്രതി നിയമം മാററുന്നതും ദേശം തോറും നിയമം അതിലംഘിക്കുന്നതും അപ്രായോഗികമായ പരിഷ്ക്കാരം കൊണ്ടുവരുന്നതും അവസാനിക്കുമായിരുന്നു.

## പിൽക്കാലഗ്രന്ഥങ്ങൾ

ഇസ്ലാമിക നിയമശാസ്ത്രത്തെപ്പററി പറയുമ്പോഠം, പിൻഗാമികളായ ചില പണ്ഡിതൻമാരുടെ ഗ്രന്ഥങ്ങളെയും ആധുനിക കാലത്തെ പുരോഹിതന്മാരുടെ ആദർശങ്ങളെയും പററി വ്യസനിക്കാതിരിക്കാൻ നിവൃത്തിയില്ല. കക്ഷികഠംക്ക് വേണ്ടി വാദിക്കുകയും, അനാവശ്യമായ വ്യാഖ്യാനം നൽകുകയും ചെയ്യുന്നത് പിൽക്കാല ഗ്രന്ഥങ്ങളുടെ പ്രത്യേകതയാണ്. മധ്യനൂററാണ്ടുകഠംക്കുശേഷം ഈ വൈകല്യം ഏറെ കാണാം. ഒരാഠം ഒരു ഗ്രന്ഥമെഴുതിയാൽ വേറൊരാഠം അതൊന്ന് ചുരുക്കും. മൂന്നാമൻ അതു വ്യാഖ്യാനിക്കും. നാലാമൻ അതിൽ കുറെക്കൂടി ചേർക്കും. ഇനിയുമൊരാഠം അതു പിന്നെയും ചുരുക്കും. മൂലഗ്രന്ഥവും അവസാനത്തെ സംഗ്രഹവും തമ്മിലുള്ള ബന്ധം ആനയും കുഴിയാനയുംപോലെയായിരിക്കും. ചില പിൽക്കാല ഗ്രന്ഥങ്ങഠം വായിച്ചാൽ മനുഷ്യക്ക് മനസ്സിലാകാതിരിക്കാൻ വേണ്ടിയോ, ബുദ്ധിയെ പരിഹസിക്കുവാൻ വേണ്ടിയോ രചിച്ചതാണവയെന്നു തോന്നും. ഒററപ്പെട്ട നല്ലഗ്രന്ഥങ്ങഠം ഇല്ലെന്നല്ല പറഞ്ഞത്. എങ്കിലും ഇസ്ലാമിക നിയമങ്ങഠം മനസ്സിലാക്കാൻ ഖുർആനും സുന്നത്തും മുൻകാല ഗ്രന്ഥങ്ങളുമാണ് ആധാരമാക്കേണ്ടത്.

## ഇന്നത്തെ ഇസ്ലാമിക രാഷ്ട്രങ്ങൾ

വ്യസനകരമായ മറെറാരു സംഗതികൂടിയുണ്ട്. ഇന്ന് ഇസ്ലാമിക രാഷ്ട്രങ്ങളായി അറിയപ്പെടുന്നവയുടെ സ്ഥിതിയാണത്. ഹാ! കഷ്ടം! പാശ്ചാത്യൻ രാജ്യങ്ങളുമായുള്ള സമ്പർക്കവും അവർക്ക് ചെയ്യുന്ന ദാസ്യവും കാരണം അവരെ തൃപ്തിപ്പെടുത്താൻ വേണ്ടി ഇസ്ലാമിക ഭരണ നിയമങ്ങഠം മിക്കരാജ്യങ്ങളും കയ്യൊഴിച്ചിരിക്കയാണ്. പാശ്ചാത്യരെ അനുകരിക്കുന്തോറും അവരുടെ അടിമകളായിപ്പോകുന്നതാണ് അനുഭവം.

ഇസ്ലാമിലെ ധനവിനിയോഗ നിയമവും ഭരണരീതിയും കൈക്കൊള്ളാൻ ഏതു രാഷ്ട്രം സന്നദ്ധമാകുന്നുവോ അവക്ക് അഭിവൃദ്ധി കൈവരികയും ചെയ്യും. ഇസ്ലാമിക നിയമത്തിൻെറ അപൂർണ്ണത കാരണമോ അപ്രയോഗികതമൂലമോ അല്ല ചില മുസ്ലിം രാഷ്ട്രങ്ങഠം അവ പാലിക്കാത്തത്. ഭൗതിക

തൽ ഉത്തരവാദിത്തപൂർണമായ ജീവിതത്തിലേക്കവർ നീങ്ങു ന്നു. ഭാര്യാഭർത്താക്കൾ തമ്മിൽ ഇണക്കവും പൊരുത്തവും പരസ്പര വിശ്വാസവും മാത്രമല്ല സുഖദുഃഖങ്ങൾ പങ്കിടാനുള്ള സന്മനോഭാവവും കൂടിയുണ്ടാവണം. പ്രവാചകൻ (സ) ഈ വിഷയകമായി ധാരാളം കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അവയിൽ അതിപ്രധാനമായ കാര്യം ആശയപ്പൊരുത്തമാണ്. വിശ്വാസത്തിലും സംസ്കാരത്തിലും ചിന്താഗതിയിലുമുള്ള ഐകരൂപ്യം.

നബി പറയുന്നു: ''സ്ത്രീകൾ സാധാരണ നാലുകാര്യങ്ങൾക്കായി വിവാഹം ചെയ്യപ്പെടാറുണ്ട്. അവളുടെ ധനം, സൗന്ദര്യം, തറവാട്, മതം (സ്വഭാവം) എന്നിവയാണത്. നിങ്ങൾ മതവിശ്വാസമുള്ളവരെ സ്വീകരിച്ച് വിജയം വരിക്കുക.'' ഇത് പെണ്ണിനെ തെരഞ്ഞെടുക്കുന്ന കാര്യമാണെങ്കിൽ പെണ്ണിന്റെ രക്ഷിതാക്കളോട് നബി (സ) പറയുന്നു. ''മതനിഷ്ഠയും സ്വഭാവശുദ്ധിയുമുള്ളവൻ വിവാഹം ആലോചിച്ചാൽ (മകളെ) കല്യാണം കഴിച്ചു കൊടുക്കുക. അല്ലെങ്കിൽ നാട്ടിൽ വലിയ കുഴപ്പമുണ്ടായിത്തീരും. (തിർമുദി)

കുടുംബത്തിന്റെ ഭദ്രതക്ക് ഏററവും അത്യാവശ്യമായ ഘടകമാണിത്. പരസ്പരം മനസ്സിലാക്കലും ഒരു ലക്ഷ്യത്തിനുവേണ്ടി ജീവിക്കലും. അതില്ലാതിരുന്നാലുണ്ടാകാവുന്ന ദോഷഫലങ്ങൾക്ക് തെളിവുതേടി പോകേണ്ടതില്ല. നമുക്കുചുററും ജീവിക്കുന്ന എത്രയോ ഉദാഹരണങ്ങൾ കാണാം. ഈ പ്രശ്നത്തിനു നേരെ ഏററവും ഉദാത്തമായ സമീപനം കൈക്കൊണ്ട പ്രത്യയശാസ്ത്രം ഇസ്ലാം മാത്രമാണ്.

ഭാര്യാഭർത്താക്കന്മാരുടെ വിശ്വാസദാർഢ്യവും സ്വഭാവശുദ്ധിയും മൂലം ശാന്തിയും സമാധാനവും വിളയാടുന്ന ഗൃഹാന്തരീക്ഷത്തിലാവണം അനന്തര തലമുറ വളർന്നു വരേണ്ടത്. എങ്കിൽ മാത്രമേ അവർ ഉത്തമ പൗരന്മാരായിത്തീരുകയുള്ളൂ. സന്താനസൗഭാഗ്യം ഒരു ശാപമായിട്ടാണ് പരിഷ്കൃത സമൂഹം കാണുന്നതെങ്കിലും അത് ദൈവികാനുഗ്രഹമായിട്ടാണ് ഇസ്ലാം കാണുന്നത്. അതുകൊണ്ടുതന്നെ നമ്മെ ഏൽപിച്ച ആ അമാനത്ത് യഥാവിധി കൈകാര്യം ചെയ്യാൻ മാതാപിതാക്കൾ ബാധ്യസ്ഥരാണ്.

ഭൗതികമായ മാനദണ്ഡങ്ങൾ സ്വീകരിച്ച് ഗൃഹാന്തരീക്ഷം നരകതുല്യമാക്കുകയും അതിൽ വളരുന്ന കുഞ്ഞുങ്ങൾ സ്വഭാവദൂഷ്യത്തിന്റെ പര്യായമായിത്തീരുകയും ചെയ്യുന്നതു നാം കാണുന്നു. ദാമ്പത്യത്തിന്റെ തെരഞ്ഞെടുപ്പിൽ വരുന്ന അപാകതയാണിത്. ഇണകളെ കണ്ടെത്തുന്നതുപോലും ഇസ്ലാമികമാവണമെന്നാണ് ഈ പറഞ്ഞതിനർത്ഥം.

വിവാഹാലോചന ഒരു ചടങ്ങല്ല. ഒല്ലാലി പ്രധാനമായ ഒരു ബിസിനസ്സുമല്ല. തറവാട്ടുകാർ തമ്മിലുള്ള ഒരു ഇടപാടുമല്ല. മരണംവരെ ഒരുമിച്ചുജീവിക്കാൻ ഇണകളെ കണ്ടെത്തലാണ്. അതിൽ വധൂവരന്മാരുടെ അഭിപ്രായത്തിനാണ് പ്രാധാന്യം. വിവാഹത്തിനുമുമ്പ് തമ്മിൽ കാണൽ ഇസ്ലാം നിഷ്കർഷിക്കാൻ കാരണവും അതുതന്നെ.

എന്നാൽ നമ്മുടെ നാട്ടിൽ പെണ്ണിന്റെ അനുവാദംപോലും നോക്കാതെ മാതാപിതാക്കളും കുടുംബങ്ങളും ഏകപക്ഷീയമായി നടത്തുന്ന വിവാഹങ്ങളുണ്ട്. ഈ സമ്പ്രദായം ആത്മഹത്യാപരമാണ്. അതുപോലെ ഈ രംഗത്ത് ഒരുപാട് അനാചാരങ്ങളും തോന്ന്യാസങ്ങളും നമുക്കിടയിൽ നില നില്ക്കുന്നു. നിശ്ചയവും നിശ്ചയത്തിന് നിശ്ചയിക്കലും അതിനോടു ബന്ധപ്പെട്ട സൽക്കാര ശൃംഖലകളും നാട്ടിൽ സാധാരണമാണ്. നിശ്ചയം പറയാതിരുന്നാൽ കല്യാണത്തിനുവരാത്ത കാരണവന്മാരുണ്ട്. കല്യാണസദ്യകൾ അധികപക്ഷവും മുതലാളിവർഗത്തിന്റെ താൽപര്യ സംരക്ഷണത്തിനാണെന്നു തോന്നിപ്പോകുന്നു.

വിവാഹസമയത്തു പുരുഷൻ സ്ത്രീക്കു മഹ്ർ നൽകണമെന്നും അത് സ്വമനസ്സാലെ സന്തോഷപൂർവ്വമായിരിക്കണമെന്നും ഖുർആൻ പറയുന്നു. എന്നാൽ മഹ്റിന്റെ കാര്യംപോലും പരാമർശിക്കാത്ത 'നിശ്ചയ'ങ്ങളിലും പുരുഷന്റെ മഹ്ർ— സ്ത്രീധനം— ഉറപ്പിക്കാൻ മണിക്കൂറുകൾ നീണ്ടു ചർച്ച് വേണ്ടിവരുന്നു. ഇതര സമുദായങ്ങളിൽ നിന്ന് കടന്നുകൂടിയ ഇത്തരം കാര്യങ്ങൾ ഇസ്ലാമിനു വരുത്തിയ വിന ചെറുതൊന്നുമല്ല. തലതിരിഞ്ഞ ഈ സാമ്പത്തിക ഇടപാടിൽ തന്നെയാണിക്കാലത്ത് വിവാഹവും അതിലേറെ വിവാഹമോചനവും നടക്കുന്നത് എന്ന വസ്തുത ഖേദപൂർവ്വം ഓർത്തുപോകുന്നു.

വിവാഹ രംഗത്ത് രണ്ടു വിഭാഗത്തിന്റെയും സമ്മതം വേണമെന്നുപറഞ്ഞുവല്ലോ. സ്ത്രീകളെ വിവാഹം ചെയ്തുകൊടുക്കുന്നത് രക്ഷിതാക്കളാണെങ്കിലും മകൾക്കുവേണ്ടിയാണ് ഈ കർമ്മം എന്ന ബോധം വേണം. ചില നാട്ടിൽപുറങ്ങളിൽ കാണുന്ന രീതിയിൽ നികാഹ് സമയത്ത് മറയ്ക്കുപിന്നിൽ നിന്ന് സമ്മതം 'മൂളിക്കൽ' അല്ല ഉദ്ദേശിക്കുന്നത്. മകളുടെ സമ്മതമില്ലാതെ നടത്തിയ വിവാഹം നബി(സ) ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്.

ഒരിക്കൽ ഒരാൾ തന്റെ മകളെ അവളുടെ സമ്മതംകൂടാതെ വിവാഹം ചെയ്തുകൊടുത്തു. അവൾ നബിയോടു പരാതി പറഞ്ഞു. നബി (സ) പിതാവിനെ വിളിച്ചു അവൾക്ക് ഇഷ്ടമില്ലെങ്കിൽ ഒഴിവാക്കാൻ പറഞ്ഞു. അപ്പോൾ ആ സ്ത്രീ പറഞ്ഞതിപ്രകാരമാണ്. 'പിതാവ് തെരഞ്ഞെടുത്ത വിവാഹം ഞാൻ അംഗീകരിക്കുന്നു. എന്നാൽ പിതാക്കൾക്ക് ഇങ്ങനെ ചെയ്യാൻ അധികാരമില്ലെന്ന് ബോധ്യപ്പെടുത്താൻ വേണ്ടിയാണ് ഞാനീ ആവലാതി ബോധിപ്പിച്ചത്'.

## ശൈശവ വിവാഹം

വിശുദ്ധ ഖുർആനിലോ തിരുചര്യയിലോ വിവാഹപ്രായ പരിധി നിർണയിച്ചിട്ടില്ല. പ്രായപൂർത്തിയെത്തിയാൽ വിവാഹബന്ധത്തിലേർപ്പെടാം. കൃത്യമായി ഇത്രവയസ്സാണ് അതിന്റെ കണക്ക് എന്ന് ശാസ്ത്രീയമായും തെളിയിക്കുക സാധ്യമല്ല. ശാരീരികാരോഗ്യവും കുടുംബജീവിതത്തെപ്പററിയുള്ള ബോധവും വധൂവരന്മാർക്കുണ്ടായിരിക്കണം. വിവാഹപ്രായം വളരെ വൈകുന്നത് മാനസികമായും ശാരീരികമായും സാമൂഹികമായും ഗുണകരമല്ല തന്നെ. എന്നാൽ വിവാഹമെന്താണെന്നുപോലും അറിയാത്തത്ര ചെറുപ്പത്തിൽ വിവാഹം ചെയ്തുകൊടുക്കുന്നതും ദോഷകരമായി ഭവിക്കാനിടയുണ്ട്.

### കഫാഅത്ത്

വിവാഹാന്വേഷണസമയത്ത് ഉയരുന്ന കേൾക്കുന്ന ഒന്നാണ് 'കുഫുവ്'. പണക്കാരനു പണക്കാരന്റെ മകൾ, തറവാടിക്ക് തറവാടി എന്ന് നാം മനസ്സിലാക്കിയ കഫാഅത്ത് ഇസ്ലാമിലില്ല. മനുഷ്യർ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ഉച്ചനീ

ചത്വങ്ങളാം ഇസ്ലാം അംഗീകരിക്കുന്നില്ല ''മനുഷ്യരേ, നിങ്ങളെ ഒരാണിൽനിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചു...'' എന്നാണ് ഖുർആൻ പറയുന്നത്. വിശ്വാസവും സ്വഭാവവും ഒത്തുവന്നാൽ കല്യാണം കഴിച്ചുകൊടുക്കുക എന്നതിൽ കവിഞ്ഞ് ഒരു കുഫ്‌വുമില്ല. മററു സാങ്കൽപിക മിഥ്യാ യോജിപ്പുകളാം ഇസ്ലാം നിഷ്കാസനം ചെയ്യുന്നു.

ഖുറൈശീ പ്രമുഖയായ സൈനബ ബിൻത് ജഹ്ശിനെ സൈദ് എന്ന അടിമയ്ക്കു കല്യാണം കഴിച്ചു കൊടുത്തുകൊണ്ട് നബി ആ രംഗത്ത് വിപ്ലവം സൃഷ്ടിച്ചു. സൈദിന്റെ മകൻ ഉസാമക്ക് ഫിഹ്‌രീ തറവാട്ടുകാരിയായ ഫാത്വിമയെയും, നീഗ്രോ അടിമയായ ബിലാലിന് അബ്ദുറഹ്‌മാനുബ്നു ഔഫിന്റെ സഹോദരിയെയും വിവാഹം ചെയ്തുകൊടുത്തതാണ് ഇസ്ലാമിക ചരിത്രം. പോക്കിരിത്തറവാട്ടിലേക്ക് അത്തരം തറവാട്ടിൽ നിന്നുതന്നെ പെണ്ണിനെ കൊണ്ടുവരണമെന്നും അതാണ് കുഫ്‌വ് എന്നുമുള്ള നമ്മുടെ ധാരണമാറേണ്ടിയിരിക്കുന്നു.

# സ്ത്രീ ഇസ്ലാമിൽ

ഏതൊരു സമുദായത്തിൻെറയും നാഗരികതയും പുരോഗതിയും കണക്കാക്കപ്പെടേണ്ടത് ആ സമുദായത്തിലെ അംഗങ്ങൾക്ക് ഒരു പൗരൻ എന്ന നിലയിൽ ലഭിക്കുന്ന സ്വാതന്ത്ര്യവും ഓരോരുത്തരും നിർവ്വഹിക്കുന്ന ധർമവും പരിഗണിച്ചാണ്.അതുപോലെത്തന്നെ സമൂഹത്തിൻെറ അർധഭാഗമായ സ്ത്രീകൾക്ക് ഓരോ സമൂഹത്തിലും ലഭിക്കുന്ന അവകാശങ്ങളും ആ സമൂഹത്തിൻെറ നാഗരികത്വത്തിലെ(Civility)സുപ്രധാന ഘടകങ്ങളാണ്. ഇസ്ലാമിക തത്ത്വസംഹിത ജീവിത പ്രമാണമായംഗീകരിച്ച സമൂഹത്തിൻെറ സ്ഥിതിയും ഇതിൽ നിന്ന് ഭിന്നമല്ല. സ്ത്രീകൾക്ക് അർഹമായ പരിഗണനകൾ നൽകിയ മതമാണിസ്ലാം. മററു സമുദായങ്ങളിൽ സ്ത്രീകളുടെ അവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വസ്തുത വ്യക്തമാകും.

മുഹമ്മദ നബിയുടെ നിയോഗത്തിനു മുമ്പുണ്ടായിരുന്ന സമുദായങ്ങളിൽ സ്ത്രീകളുടെ നില എന്തായിരുന്നുവെന്നു നോക്കാം. കൊറിന്തിയക്ക് പോൾ എഴുതിയ സുവിശേഷ(IIാം അധ്യായം) ത്തിൽ ഇപ്രകാരം പറയുന്നു. ''ദൈവം യേശുവിൻെറ ശിർസ്സും, പുരുഷൻ സ്ത്രീയുടെ ശിരസ്സുമാകുന്നു'' അതിൽ തന്നെ തുട

രുന്നു ''പുരുഷൻ ദൈവത്തിൻെറ മഹത്വവും അവൻെറ രൂപവുമാകുന്നു. എന്നാൽ സ്ത്രീ, അവൾ പുരുഷൻെറ മാത്രം മഹത്വമാകുന്നു.''

ഹിജ്റയുടെ ഏകദേശം 1000 വർഷം മുമ്പ് കോൺഫ്യൂഷ്യസ് മതസ്ഥാപകൻ പറഞ്ഞതിങ്ങനെയാണ്. ''പുരുഷൻ വാനലോകത്തിൻെറ പ്രതിനിധിയാണ്. അവൻ എല്ലാത്തിൻെറയും നാഥനുമാകുന്നു. സ്ത്രീയാകട്ടെ, അവൾ അവനുമായി ബന്ധിക്കപ്പെട്ടവൾ മാത്രമാണ്. അവൾക്ക് സ്വയം ഒന്നും ചെയ്യാവതല്ല. കൽപിക്കാനും നിരോധിക്കാനും അവൾക്ക പാടില്ല. അവളുടെ ജോലിയെല്ലാം ഗാർഹികമായിരിക്കണം.''

പ്രവാചക നിയോഗത്തിനു മുമ്പുണ്ടായിരുന്ന അറബികളുടെ സ്ഥിതി ഇതിലും ദയനീയമായിരുന്നു. സ്ത്രീക്ക് ആത്മാവ് ഉണ്ടോ എന്നുപോലും സംശയിച്ചിരുന്ന ആ തമോയുഗത്തിലെ ആളുകൾ തങ്ങൾക്ക് ജനിച്ചത് പെൺകുഞ്ഞാണെന്നറിഞ്ഞാൽ വിഷമിക്കുമായിരുന്നു. ആ കുഞ്ഞിനെ ചിലപ്പോൾ ജീവനോടെ കുഴിച്ചുമൂടുകയോ മുക്കിക്കൊല്ലുകയോ ചെയ്യുമായിരുന്നു! ജീവനോടെ അവശേഷിച്ചവർക്ക് ഭാവിജീവിതവും സുഖകരമായിരുന്നില്ല.

അക്കാലത്ത് ഇന്ത്യയിലെ ഹിന്ദുക്കൾക്കിടയിലെ സ്ത്രീകളുടെ നിലയും മെച്ചമാണെന്ന് പറയാൻ കഴിയില്ല. ശൈശവ വിവാഹവും വിധവാവിവാഹതടസ്സവും സതിയും ഒക്കെത്തന്നെ സമൂഹത്തിൽ സ്ത്രീയുടെ സ്ഥിതി മോശമാക്കി. ബഹുഭർത്തൃത്വംപോലും ഇവിടെ നിലനിന്നിരുന്നു.

## ഇസ്ലാമിൽ സ്ത്രീയുടെ നില

ലോകത്ത് സ്ത്രീകളുടെ അവസ്ഥ ശോചനീയമായിരുന്ന ഘട്ടത്തിലാണ് നബിതിരുമേനി ഇസ്ലാമിക പ്രബോധന ദൗത്യവുമായി നിയുക്തനായത്. സ്ത്രീത്വത്തിന് അർഹമായ അംഗീകാരം നൽകിക്കൊണ്ടാണ് ഇസ്ലാം സാമൂഹിക പരിഷ്കരണത്തിന് തുടക്കം കുറിച്ചത്. അവളെ ദേവതയാക്കി പൂജിച്ചുകൊണ്ടല്ല; മൃഗമോ അടിമയോ ആക്കി അവഗണിച്ചു കൊണ്ടല്ല; സമൂഹത്തിൻെറ പരസ്പര പൂരക ഘടകങ്ങളാണ് സ്ത്രീയും

പുരുഷനും എന്നു പ്രഖ്യാപിച്ചുകൊണ്ട്. ഈ ഖുർആൻ വാക്യ ങ്ങൾ നോക്കൂ.

''നിങ്ങൾക്ക് ജീവിതത്തിൽ ശാന്തി കൈവരിക്കുവാൻ വേണ്ടി നിങ്ങളിൽ നിന്നുതന്നെ ഇണയെ സൃഷ്ടിച്ചതും നിങ്ങൾ ക്കിടയിൽ സ്നേഹവും കാരുണ്യവും പ്രദാനം ചെയ്തതും അവ ന്റെ ദൃഷ്ടാന്തമാകുന്നു.'' (റൂം) ''മനുഷ്യരേ, ഒരാളിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും, അതിൽനിന്നുതന്നെ അതിന്റെ ഇ ണയെ സൃഷ്ടിക്കുകയും, അവ രണ്ടിൽ നിന്നുമായി നിരവധി സ്ത്രീപുരുഷന്മാരെ വിതരണം ചെയ്യുകയും ചെയ്ത നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുക. (നിസാഅ്)

പെൺകുട്ടി അപമാനമായി കരുതിയ സമൂഹത്തോട്, പെണ്ണ് അപമാനമല്ല, നിന്റെ അമ്മയാണ് എന്നും. നിന്റെ ജീവിതത്തിന്ന് ശാന്തിപകരുന്ന നിന്റെ ഇണയാണ് എന്നും പ്രഖ്യാപിച്ചത് വലിയ വിപ്ലവമായിരുന്നു. പെൺമക്കളെ കൊന്ന് കുഴിച്ചുമൂടിയിരുന്നവരോടാണ്; ''നിങ്ങൾ മക്കളെ കൊല്ലരുത്; അവർക്കും നിങ്ങൾക്കുതന്നെയും ആഹാരം നൽ കുന്നത് നാമാണ്'' എന്ന് ഖുർആൻ ഉൽഘോഷിച്ചത്. പ്രവാചകൻ പഠിപ്പിക്കുന്നതും ഇതുതന്നെ. ''ഒരാൾ തന്റെ പെൺകുട്ടിക്ക് നല്ല നിലയിൽ ഭക്ഷണവും ശിക്ഷണവും നൽ കുകയും, തനിക്ക് കിട്ടിയ ദൈവാനുഗ്രഹങ്ങൾ അവൾക്കും വി ശാലമാക്കിക്കൊടുക്കുകയും ചെയ്താൽ, സ്വർഗത്തിലേക്കുള്ള മാർഗത്തിൽ ആ കുട്ടി അവന് രക്ഷയായിരിക്കും.'' ഈ ആശയത്തിൽ ധാരാളം ഹദീസുകൾ കാണാം.

''നിങ്ങളിൽ വെച്ച് ഉത്തമൻ ഭാര്യമാരോട് നന്നായി പെരുമാറുന്നവനാണ്'' എന്നു പറഞ്ഞ പ്രവാചകൻ ഹജ്ജത്തുൽ വിദാഇലെ പ്രസിദ്ധമായ പ്രഭാഷണത്തിൽ സ്ത്രീകളുടെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞു. അദ്ദേഹത്തിനു മരണം ആസ ന്നമായപ്പോൾ അവസാനത്തെ വസിയ്യത്ത് എന്ന നിലയിൽ പറഞ്ഞതും സ്ത്രീകളുടെ കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ്.

പിതാവിന്റെ സ്വത്തിൽ പെൺമക്കൾക്ക് അവകാശ മുണ്ടെന്ന് ആദ്യമായി പ്രഖ്യാപിച്ചത് ഇസ്ലാമാണ്. ''മാതാപിതാക്കളും കുടുംബങ്ങളും വിട്ടേച്ചുപോയ ധനത്തിൽ പുരുഷന്മാർക്ക് വിഹിതമുണ്ട്; സ്ത്രീകൾക്കും വിഹിതമുണ്ട്.

ആ ധനം അല്പമാകട്ടെ അധികമാകട്ടെ.'' (നിസാഅ്) പരിഷ്കൃത പടിഞ്ഞാറൻ രാജ്യങ്ങൾ പോലും അടുത്ത കാലത്താണ് ഈ വക നിയമങ്ങൾ കൊണ്ടുവന്നത്. എന്നിട്ടും, 'സ്ത്രീക്ക് ആണിന്റെ പകുതി സ്വത്താണ് ഇസ്ലാം നൽകുന്നത്'' എന്ന് പറയുന്നവർ ശ്രദ്ധിക്കണം. കുടുംബത്തിന്റെ മുഴുവൻ ചിലവും ബാദ്ധ്യതയും കുടുംബത്തലവനായ പുരുഷന്റെ മേലിൽ ഏല്പിച്ചതിനു ശേഷമാണ് ഈ സ്വത്തവകാശം നൽകിയത് എന്നോർക്കുമ്പോൾ എന്തുമാത്രം നീതിഭദ്രമാണീ നിയമമെന്ന് മനസ്സിലാകും.

പെണ്ണിനെ അനന്തിരമായെടുക്കുന്ന ഏർപ്പാട് അന്ന് ഉണ്ടായിരുന്നു. അത് ഇസ്ലാം നിരോധിച്ചു. യൗവനാരംഭത്തിൽതന്നെ വൈധവ്യത്തിന്റെ കൈപ്പുനീര് കുടിക്കേണ്ടി വന്നാൽ ആജീവനാന്തം അതിൽതന്നെ നരകിച്ചിരുന്ന അവസ്ഥക്ക് മാററം വരുത്തി വിധവാ വിവാഹം ഇസ്ലാം പ്രോത്സാഹിപ്പിച്ചു.

വിവാഹവേളയിൽ സ്ത്രീക്ക് പുരുഷൻ തന്റെ കഴിവനുസരിച്ച് എന്തെങ്കിലും പാരിതോഷികം (മഹ്ർ) നൽകണമെന്ന് ഇസ്ലാം കൽപിക്കുന്നു. മാനുഷികമായ കാരണത്താൽ ബന്ധം തുടർന്നുപോകാൻ കഴിയാതെ വിവാഹമോചനത്തിൽ കലാശിച്ചാൽ പോലും ആ കൊടുത്ത തുകയിൽനിന്ന് ഒന്നും തിരിച്ചുവാങ്ങരുത് എന്നും നിഷ്കർഷിച്ചു. നോക്കൂ; യുഗാന്തരങ്ങളായി പുരുഷന്റെ താന്തോന്നിത്തത്തിന് വിധേയമായിരുന്ന സ്ത്രീക്ക് ഇസ്ലാം നൽകിയ മാന്യതയും സംരക്ഷണവും എന്തുമാത്രം ഉദാത്തമാണ്!

## സ്ത്രീ പുരുഷ സമത്വം

ആധുനിക സമൂഹത്തിൽ സ്ത്രീകളെപ്പററി രണ്ടുതരം ചിന്താഗതി കാണാം. പഴയ തലമുറയിലെ ചില യാഥാസ്ഥിതികന്മാരുടെതാണ് ഒന്ന്. അവർ സ്ത്രീയെ അടുക്കളയിൽ മാത്രം ഒതുക്കുകയും, പുരുഷന്റെ ഭോഗവസ്തുവായി മാത്രം ഗണിക്കുകയും ചെയ്യുന്നു. ഈ ദുരവസ്ഥ മുസ്ലിംകളിലും അല്ലാത്തവരിലുമുണ്ട്. അഭ്യസ്ത വിദ്യരായ ആധുനിക തലമുറയിലെ ചില ഭൗതിക ചിന്താഗതിക്കാരാണ് രണ്ടാമത്തെ വിഭാഗം. പാശ്ചാത്യൻ ചിന്താധാരയിൽ പുരോഗമനം കണ്ടെത്തുകയും

തൽ ഉത്തരവാദിത്തപൂർണമായ ജീവിതത്തിലേക്കവർ നീങ്ങുന്നു. ഭാര്യാഭർത്താക്കൾ തമ്മിൽ ഇണക്കവും പൊരുത്തവും പരസ്പര വിശ്വാസവും മാത്രമല്ല സുഖദുഃഖങ്ങൾ പങ്കിടാനുള്ള സന്മനോഭാവവും കൂടിയുണ്ടാവണം. പ്രവാചകൻ (സ) ഈ വിഷയകമായി ധാരാളം കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അവയിൽ അതിപ്രധാനമായ കാര്യം ആശയപ്പൊരുത്തമാണ്. വിശ്വാസത്തിലും സംസ്കാരത്തിലും ചിന്താഗതിയിലുമുള്ള ഐകരൂപ്യം.

നബി പറയുന്നു: ''സ്ത്രീകൾ സാധാരണ നാലുകാര്യങ്ങൾക്കായി വിവാഹം ചെയ്യപ്പെടാറുണ്ട്. അവളുടെ ധനം, സൗന്ദര്യം, തറവാട്, മതം (സ്വഭാവം) എന്നിവയാണത്. നിങ്ങൾ മതവിശ്വാസമുള്ളവരെ സ്വീകരിച്ച് വിജയം വരിക്കുക.'' ഇത് പെണ്ണിനെ തെരഞ്ഞെടുക്കുന്ന കാര്യമാണെങ്കിൽ പെണ്ണിന്റെ രക്ഷിതാക്കളോട് നബി (സ) പറയുന്നു. ''മതനിഷ്ഠയും സ്വഭാവശുദ്ധിയുമുള്ളവൻ വിവാഹം ആലോചിച്ചാൽ (മക്കളെ) കല്യാണം കഴിച്ചു കൊടുക്കുക. അല്ലെങ്കിൽ നാട്ടിൽ വലിയ കുഴപ്പമുണ്ടായിത്തീരും. (തിർമുദി)

കുടുംബത്തിന്റെ ഭദ്രതക്ക് ഏററവും അത്യാവശ്യമായ ഘടകമാണിത്. പരസ്പരം മനസ്സിലാക്കലും ഒരു ലക്ഷ്യത്തിനുവേണ്ടി ജീവിക്കലും. അതില്ലാതിരുന്നാലുണ്ടാകാവുന്ന ദോഷഫലങ്ങൾക്ക് തെളിവുതേടി പോകേണ്ടതില്ല. നമുക്കുചുററും ജീവിക്കുന്ന എത്രയോ ഉദാഹരണങ്ങൾ കാണാം. ഈ പ്രശ്നത്തിനു നേരെ ഏററവും ഉദാത്തമായ സമീപനം കൈക്കൊണ്ട പ്രത്യയശാസ്ത്രം ഇസ്ലാം മാത്രമാണ്.

ഭാര്യാഭർത്താക്കന്മാരുടെ വിശ്വാസദാർഢ്യവും സ്വഭാവശുദ്ധിയും മൂലം ശാന്തിയും സമാധാനവും വിളയാടുന്ന ഗൃഹാന്തരീക്ഷത്തിലാവണം അനന്തര തലമുറ വളർന്നു വരേണ്ടത്. എങ്കിൽ മാത്രമേ അവർ ഉത്തമ പൗരന്മാരായിത്തീരുകയുള്ളൂ. സന്താനസൗഭാഗ്യം ഒരു ശാപമായിട്ടാണ് പരിഷ്കൃത സമൂഹം കാണുന്നതെങ്കിലും അത് ദൈവികാനുഗ്രഹമായിട്ടാണ് ഇസ്ലാം കാണുന്നത്. അതുകൊണ്ടുതന്നെ നമ്മെ ഏൽപിച്ച ആ അമാനത്ത് യഥാവിധി കൈകാര്യം ചെയ്യാൻ മാതാപിതാക്കൾ ബാധ്യസ്ഥരാണ്.

ഭൗതികമായ മാനദണ്ഡങ്ങൾ സ്വീകരിച്ച് ഗൃഹാന്തരീക്ഷം നരകതുല്യമാക്കുകയും അതിൽ വളരുന്ന കുഞ്ഞുങ്ങൾ സ്വഭാവ ദൂഷ്യത്തിന്റെ പര്യായമായിത്തീരുകയും ചെയ്യുന്നതു നാം കാണുന്നു. ദാമ്പത്യത്തിന്റെ തെരഞ്ഞെടുപ്പിൽ വരുന്ന അപാകതയാണിത്. ഇണകളെ കണ്ടെത്തുന്നതുപോലും ഇസ്ലാമികമാവണമെന്നാണ് ഈ പറഞ്ഞതിനർത്ഥം.

വിവാഹാലോചന ഒരു ചടങ്ങല്ല. ദല്ലാലി പ്രധാനമായ ഒരു ബിസിനസ്സുമല്ല. തറവാട്ടുകാർ തമ്മിലുള്ള ഒരു ഇടപാടുമല്ല. മരണംവരെ ഒരുമിച്ചുജീവിക്കാൻ ഇണകളെ കണ്ടെത്തലാണ്. അതിൽ വധൂവരന്മാരുടെ അഭിപ്രായത്തിനാണ് പ്രാധാന്യം. വിവാഹത്തിനുമുമ്പ് തമ്മിൽ കാണൽ ഇസ്ലാം നിഷ്കർഷിക്കാൻ കാരണവും അതുതന്നെ.

എന്നാൽ നമ്മുടെ നാട്ടിൽ പെണ്ണിന്റെ അനുവാദംപോലും നോക്കാതെ മാതാപിതാക്കളും കുടുംബങ്ങളും ഏകപക്ഷീയമായി നടത്തുന്ന വിവാഹങ്ങളുണ്ട്. ഈ സമ്പ്രദായം ആത്മഹത്യാപരമാണ്. അതുപോലെ ഈ രംഗത്ത് ഒരുപാട് അനാചാരങ്ങളും തോന്ന്യാസങ്ങളും നമുക്കിടയിൽ നില നില്ക്കുന്നു. നിശ്ചയവും നിശ്ചയത്തിന് നിശ്ചയിക്കലും അതിനോടു ബന്ധപ്പെട്ട സൽക്കാര ശൃംഖലകളും നാട്ടിൽ സാധാരണമാണ്. നിശ്ചയം പറയാതിരുന്നാൽ കല്യാണത്തിനുവരാത്ത കാരണവന്മാരുണ്ട്. കല്യാണസദ്യകൾ അധികപക്ഷവും മുതലാളിവർഗത്തിന്റെ താൽപര്യ സംരക്ഷണത്തിനാണെന്നു തോന്നിപ്പോകുന്നു.

വിവാഹസമയത്തു പുരുഷൻ സ്ത്രീക്കു മഹ്ർ നൽകണമെന്നും അത് സ്വമനസ്സാലെ സന്തോഷപൂർവ്വമായിരിക്കണമെന്നും ഖുർആൻ പറയുന്നു. എന്നാൽ മഹ്റിന്റെ കാര്യംപോലും പരാമർശിക്കാത്ത 'നിശ്ചയ'ങ്ങളിലും പുരുഷന്റെ മഹ്ർ— സ്ത്രീധനം — ഉറപ്പിക്കാൻ മണിക്കൂറുകൾ നീണ്ടു ചർച്ച വേണ്ടിവരുന്നു. ഇതര സമുദായങ്ങളിൽ നിന്ന് കടന്നുകൂടിയ ഇത്തരം കാര്യങ്ങൾ ഇസ്ലാമിന്നു വരുത്തിയ വിന ചെറുതൊന്നുമല്ല. തല തിരിഞ്ഞ ഈ സാമ്പത്തിക ഇടപാടിൽ തന്നെയാണിക്കാലത്ത് വിവാഹവും അതിലേറെ വിവാഹമോചനവും നടക്കുന്നത് എന്ന വസ്തുത ഖേദപൂർവ്വം ഓർത്തുപോകുന്നു.

വിവാഹ രംഗത്ത് രണ്ടു വിഭാഗത്തിന്റെയും സമ്മതം വേണമെന്നുപറഞ്ഞുവല്ലോ. സ്ത്രീകളെ വിവാഹം ചെയ്തുകൊടുക്കുന്നത് രക്ഷിതാക്കളാണെങ്കിലും മക്കൾക്കുവേണ്ടിയാണ് ഈ കർമ്മം എന്ന ബോധം വേണം. ചില നാട്ടിൻപുറങ്ങളിൽ കാണുന്ന രീതിയിൽ നികാഹ് സമയത്ത് മറയ്ക്കുപിന്നിൽ നിന്ന് സമ്മതം 'മൂളിക്കൽ' അല്ല ഉദ്ദേശിക്കുന്നത്. മകളുടെ സമ്മതമില്ലാതെ നടത്തിയ വിവാഹം നബി(സ) ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്.

ഒരിക്കൽ ഒരാൾ തന്റെ മകളെ അവളുടെ സമ്മതംകൂടാതെ വിവാഹം ചെയ്തുകൊടുത്തു. അവൾ നബിയോടു പരാതി പറഞ്ഞു. നബി (സ) പിതാവിനെ വിളിച്ചു അവൾക്ക് ഇഷ്ടമില്ലെങ്കിൽ ഒഴിവാക്കാൻ പറഞ്ഞു. അപ്പോൾ ആ സ്ത്രീ പറഞ്ഞതിപ്രകാരമാണ്. 'പിതാവ് തെരഞ്ഞെടുത്ത വിവാഹം ഞാൻ അംഗീകരിക്കുന്നു. എന്നാൽ പിതാക്കൾക്ക് ഇങ്ങനെ ചെയ്യാൻ അധികാരമില്ലെന്ന് ബോധ്യപ്പെടുത്താൻ വേണ്ടിയാണ് ഞാനീ ആവലാതി ബോധിപ്പിച്ചത്'.

## ശൈശവ വിവാഹം

വിശുദ്ധ ഖുർആനിലോ തിരുചര്യയിലോ വിവാഹപ്രായ പരിധി നിർണയിച്ചിട്ടില്ല. പ്രായപൂർത്തിയെത്തിയാൽ വിവാഹബന്ധത്തിലേർപ്പെടാം. കൃത്യമായി ഇത്രവയസ്സാണ് അതിന്റെ കണക്ക് എന്ന് ശാസ്ത്രീയമായും തെളിയിക്കുക സാധ്യമല്ല. ശാരീരികാരോഗ്യവും കുടുംബജീവിതത്തെപ്പററിയുള്ള ബോധവും വധൂവരന്മാർക്കുണ്ടായിരിക്കണം. വിവാഹപ്രായം വളരെ വൈകുന്നത് മാനസികമായും ശാരീരികമായും സാമൂഹികമായും ഗുണകരമല്ല തന്നെ. എന്നാൽ വിവാഹമെന്താണെന്നുപോലും അറിയാത്തത്ര ചെറുപ്പത്തിൽ വിവാഹം ചെയ്തുകൊടുക്കുന്നതും ദോഷകരമായി ഭവിക്കാനിടയുണ്ട്.

### കഫാഅത്

വിവാഹാന്വേഷണസമയത്ത് ഉയർന്നു കേൾക്കുന്ന ഒന്നാണ് 'കുഫുവ്'. പണക്കാരനു പണക്കാരന്റെ മകൾ, തറവാടിക്ക് തറവാടി എന്ന് നാം മനസ്സിലാക്കിയ കഫാഅത് ഇസ്ലാമിലില്ല. മനുഷ്യർ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ഉച്ചനീ

ചതങ്ങളാ ഇസ്ലാം അംഗീകരിക്കുന്നില്ല ''മനുഷ്യരേ, നിങ്ങളെ ഒരാണിൽനിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചു...'' എന്നാണ് ഖുർആൻ പറയുന്നത്. വിശ്വാസവും സ്വഭാവവും ഒത്തുവന്നാൽ കല്യാണം കഴിച്ചുകൊടുക്കുക എന്നതിൽ കവിഞ്ഞ് ഒരു കുഫ്‌വുമില്ല. മററു സാങ്കൽപിക മിഥ്യാ യോജിപ്പുകളെ ഇസ്ലാം നിഷ്കാസനം ചെയ്യുന്നു.

ഖുറൈശീ പ്രമുഖയായ സൈനബ ബിൻത് ജഹ്ശിനെ സൈദ് എന്ന അടിമയ്ക്ക് കല്യാണം കഴിച്ച് കൊടുത്തുകൊണ്ട് നബി ആ രംഗത്ത് വിപ്ലവം സൃഷ്ടിച്ചു. സൈദിൻെറ മകൻ ഉസാമക്ക് ഫിഹ്‌രീ തറവാട്ടുകാരിയായ ഫാതിമയെയും, നീഗ്രോ അടിമയായ ബിലാലിന് അബ്ദുറഹ്മാനുബ്നു ഔഫിൻെറ സഹോദരിയെയും വിവാഹം ചെയ്തുകൊടുത്തതാണ് ഇസ്ലാമിക ചരിത്രം. പോക്കിരിത്തറവാട്ടിലേക്ക് അത്തരം തറവാട്ടിൽ നിന്നുതന്നെ പെണ്ണിനെ കൊണ്ടുവരണമെന്നും അതാണ് കുഫ്‌വ് എന്നുമുള്ള നമ്മുടെ ധാരണമാറേണ്ടിയിരിക്കുന്നു.

# സ്ത്രീ ഇസ്ലാമിൽ

ഏതൊരു സമുദായത്തിൻെറയും നാഗരികതയും പുരോഗതിയും കണക്കാക്കപ്പെടേണ്ടത് ആ സമുദായത്തിലെ അംഗങ്ങൾക്ക് ഒരു പൗരൻ എന്ന നിലയിൽ ലഭിക്കുന്ന സ്വാതന്ത്ര്യവും ഓരോരുത്തരും നിർവ്വഹിക്കുന്ന ധർമവും പരിഗണിച്ചാണ്. അതുപോലെത്തന്നെ സമൂഹത്തിൻെറ അർധഭാഗമായ സ്ത്രീകൾക്ക് ഓരോ സമൂഹത്തിലും ലഭിക്കുന്ന അവകാശങ്ങളും ആ സമൂഹത്തിൻെറ നാഗരികത്വത്തിലെ(Civility)സുപ്രധാന ഘടകങ്ങളാണ്. ഇസ്ലാമിക തത്ത്വസംഹിത ജീവിത പ്രമാണമായംഗീകരിച്ച സമൂഹത്തിൻെറ സ്ഥിതിയും ഇതിൽ നിന്ന് ഭിന്നമല്ല. സ്ത്രീകൾക്ക് അർഹമായ പരിഗണനകൾ നൽകിയ മതമാണിസ്ലാം. മററു സമുദായങ്ങളിൽ സ്ത്രീകളുടെ അവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വസ്തുത വ്യക്തമാകും.

മുഹമ്മദു നബിയുടെ നിയോഗത്തിനു മുമ്പുണ്ടായിരുന്ന സമുദായങ്ങളിൽ സ്ത്രീകളുടെ നില എന്തായിരുന്നുവെന്നു നോക്കാം. കൊറിന്തിയക്ക് പോൾ എഴുതിയ സുവിശേഷ(IIാം അധ്യായം)ത്തിൽ ഇപ്രകാരം പറയുന്നു. ''ദൈവം യേശുവിൻെറ ശിരസ്സും, പുരുഷൻ സ്ത്രീയുടെ ശിരസ്സുമാകുന്നു'' അതിൽ തന്നെ തുട

രുന്നു ''പുരുഷൻ ദൈവത്തിൻെറ മഹത്വവും അവൻെറ രൂപവുമാകുന്നു. എന്നാൽ സ്ത്രീ, അവൾ പുരുഷൻെറ മാത്രം മഹത്വമാകുന്നു.''

ഹിജ്റയുടെ ഏകദേശം 1000 വർഷം മുമ്പ് കോൺഫ്യൂഷ്യസ് മതസ്ഥാപകൻ പറഞ്ഞതിങ്ങനെയാണ്. ''പുരുഷൻ വാനലോകത്തിൻെറ പ്രതിനിധിയാണ്. അവൻ എല്ലാത്തിൻെറയും നാഥനുമാകുന്നു. സ്ത്രീയാകട്ടെ, അവൾ അവനുമായി ബന്ധിക്കപ്പെട്ടവൾ മാത്രമാണ്. അവൾക്ക് സ്വയം ഒന്നും ചെയ്യാവതല്ല. കൽപിക്കാനും നിരോധിക്കാനും അവൾക്ക പാടില്ല. അവളുടെ ജോലിയെല്ലാം ഗാർഹികമായിരിക്കണം.''

പ്രവാചക നിയോഗത്തിനു മുമ്പുണ്ടായിരുന്ന അറബികളുടെ സ്ഥിതി ഇതിലും ദയനീയമായിരുന്നു. സ്ത്രീക്ക് ആത്മാവ് ഉണ്ടോ എന്നുപോലും സംശയിച്ചിരുന്ന ആ തമോയുഗത്തിലെ ആളുകൾ തങ്ങൾക്ക് ജനിച്ചത് പെൺകുഞ്ഞാണെന്നറിഞ്ഞാൽ വിഷമിക്കുമായിരുന്നു. ആ കുഞ്ഞിനെ ചിലപ്പോൾ ജീവനോടെ കുഴിച്ചുമൂടുകയോ മുക്കിക്കൊല്ലുകയോ ചെയ്യുമായിരുന്നു! ജീവനോടെ അവശേഷിച്ചവക്ക് ഭാവിജീവിതവും സുഖകരമായിരുന്നില്ല.

അക്കാലത്ത് ഇന്ത്യയിലെ ഹിന്ദുക്കൾക്കിടയിലെ സ്ത്രീകളുടെ നിലയും മെച്ചമാണെന്ന് പറയാൻ കഴിയില്ല. ശൈശവ വിവാഹവും വിധവാവിവാഹതടസ്സവും സതിയും ഒക്കെത്തന്നെ സമൂഹത്തിൽ സ്ത്രീയുടെ സ്ഥിതി മോശമാക്കി. ബഹുഭർതൃത്വംപോലും ഇവിടെ നിലനിന്നിരുന്നു.

## ഇസ്ലാമിൽ സ്ത്രീയുടെ നില

ലോകത്ത് സ്ത്രീകളുടെ അവസ്ഥ ശോചനീയമായിരുന്ന ഘട്ടത്തിലാണ് നബിതിരുമേനി ഇസ്ലാമിക പ്രബോധന ദൗത്യവുമായി നിയുക്തനായത്. സ്ത്രീത്വത്തിന് അർഹമായ അംഗീകാരം നൽകിക്കൊണ്ടാണ് ഇസ്ലാം സാമൂഹിക പരിഷ്കരണത്തിന് തുടക്കം കുറിച്ചത്. അവളെ ദേവതയാക്കി പൂജിച്ചു കൊണ്ടല്ല; മൃഗമോ അടിമയോ ആക്കി അവഗണിച്ചു കൊണ്ടല്ല; സമൂഹത്തിൻെറ പരസ്പര പൂരക ഘടകങ്ങളാണ് സ്ത്രീയും

പുരുഷനും എന്നു പ്രഖ്യാപിച്ചുകൊണ്ട്. ഈ ഖുർആൻ വാക്യങ്ങൾ നോക്കൂ.

''നിങ്ങൾക്ക് ജീവിതത്തിൽ ശാന്തി കൈവരിക്കുവാൻ വേണ്ടി നിങ്ങളിൽ നിന്നുതന്നെ ഇണയെ സൃഷ്ടിച്ചതും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും പ്രദാനം ചെയ്തതും അവന്റെ ദൃഷ്ടാന്തമാകുന്നു.'' (റൂം) ''മനുഷ്യരേ, ഒരാളിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും, അതിൽനിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും, അവ രണ്ടിൽ നിന്നുമായി നിരവധി സ്ത്രീപുരുഷന്മാരെ വിതരണം ചെയ്യുകയും ചെയ്ത നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുക. (നിസാഅ്)

പെൺകുട്ടി അപമാനമായി കരുതിയ സമൂഹത്തോട്, പെണ്ണ് അപമാനമല്ല, നിന്റെ അമ്മയാണ് എന്നും. നിന്റെ ജീവിതത്തിന്ന് ശാന്തിപകരുന്ന നിന്റെ ഇണയാണ് എന്നും പ്രഖ്യാപിച്ചത് വലിയ വിപ്ലവമായിരുന്നു. പെൺമക്കളെ കൊന്ന് കുഴിച്ചുമൂടിയിരുന്നവരോടാണ്; ''നിങ്ങൾ മക്കളെ കൊല്ലരുത്; അവർക്കും നിങ്ങൾക്കുതന്നെയും ആഹാരം നൽകുന്നത് നാമാണ്'' എന്ന് ഖുർആൻ ഉൽഘോഷിച്ചത്. പ്രവാചകൻ പഠിപ്പിക്കുന്നതും ഇതുതന്നെ. ''ഒരാൾ തന്റെ പെൺകുട്ടിക്ക് നല്ല നിലയിൽ ഭക്ഷണവും ശിക്ഷണവും നൽകുകയും, തനിക്ക് കിട്ടിയ ദൈവാനുഗ്രഹങ്ങൾ അവൾക്കും വിശാലമാക്കിക്കൊടുക്കുകയും ചെയ്താൽ, സ്വർഗത്തിലേക്കുള്ള മാർഗത്തിൽ ആ കുട്ടി അവന് രക്ഷയായിരിക്കും.'' ഈ ആശയത്തിൽ ധാരാളം ഹദീസുകൾ കാണാം.

''നിങ്ങളിൽ വെച്ച് ഉത്തമൻ ഭാര്യമാരോട് നന്നായി പെരുമാറുന്നവനാണ്'' എന്നു പറഞ്ഞ പ്രവാചകൻ ഹജ്ജത്തുൽ വിദാഇലെ പ്രസിദ്ധമായ പ്രഭാഷണത്തിൽ സ്ത്രീകളുടെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞു. അദ്ദേഹത്തിനു മരണം ആസന്നമായപ്പോൾ അവസാനത്തെ വസിയ്യത്ത് എന്ന നിലയിൽ പറഞ്ഞതും സ്ത്രീകളുടെ കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ്.

പിതാവിന്റെ സ്വത്തിൽ പെൺമക്കൾക്ക് അവകാശമുണ്ടെന്ന് ആദ്യമായി പ്രഖ്യാപിച്ചത് ഇസ്‌ലാമാണ്. ''മാതാപിതാക്കളും കുടുംബങ്ങളും വിട്ടേച്ചുപോയ ധനത്തിൽ പുരുഷന്മാർക്ക് വിഹിതമുണ്ട്; സ്ത്രീകൾക്കും വിഹിതമുണ്ട്.

ആ ധനം അല്പമാകട്ടെ അധികമാകട്ടെ.'' (നിസാഅ്) പരിഷ്കൃത പടിഞ്ഞാറൻ രാജ്യങ്ങൾ പോലും അടുത്ത കാലത്താണ് ഈ വക നിയമങ്ങൾ കൊണ്ടുവന്നത്. എന്നിട്ടും, 'സ്ത്രീക്ക് ആണിന്റെ പകുതി സ്വത്താണ് ഇസ്ലാം നൽകുന്നത്'' എന്ന് പറയുന്നവർ ശ്രദ്ധിക്കണം. കുടുംബത്തിന്റെ മുഴുവൻ ചിലവും ബാദ്ധ്യതയും കുടുംബത്തലവനായ പുരുഷന്റെ മേലിൽ ഏല്പിച്ചതിനു ശേഷമാണ് ഈ സ്വത്തവകാശം നൽകിയത് എന്നോർക്കുമ്പോൾ എത്രമാത്രം നീതിഭദ്രമാണീ നിയമമെന്ന് മനസ്സിലാകും.

പെണ്ണിനെ അനന്തിരമായെടുക്കുന്ന ഏർപ്പാട് അന്ന് ഉണ്ടായിരുന്നു. അത് ഇസ്ലാം നിരോധിച്ചു. യൗവനാരംഭത്തിൽതന്നെ വൈധവ്യത്തിന്റെ കൈപ്പുനീര് കുടിക്കേണ്ടി വന്നാൽ ആജീവനാന്തം അതിൽതന്നെ നരകിച്ചിരുന്ന അവസ്ഥക്ക് മാററം വരുത്തി വിധവാ വിവാഹം ഇസ്ലാം പ്രോത്സാഹിപ്പിച്ചു.

വിവാഹവേളയിൽ സ്ത്രീക്ക് പുരുഷൻ തന്റെ കഴിവനുസരിച്ച് എന്തെങ്കിലും പാരിതോഷികം (മഹ്ർ) നൽകണമെന്ന് ഇസ്ലാം കൽപിക്കുന്നു. മാനുഷികമായ കാരണത്താൽ ബന്ധം തുടർന്നുപോകാൻ കഴിയാതെ വിവാഹമോചനത്തിൽ കലാശിച്ചാൽ പോലും ആ കൊടുത്ത തുകയിൽനിന്ന് ഒന്നും തിരിച്ചുവാങ്ങരുത് എന്നും നിഷ്കർഷിച്ചു. നോക്കൂ; യുഗാന്തരങ്ങളായി പുരുഷന്റെ താന്തോന്നിത്തത്തിന് വിധേയമായിരുന്ന സ്ത്രീക്ക് ഇസ്ലാം നൽകിയ മാന്യതയും സംരക്ഷണവും എത്രമാത്രം ഉദാത്തമാണ്!

## സ്ത്രീ പുരുഷ സമത്വം

ആധുനിക സമൂഹത്തിൽ സ്ത്രീകളെപ്പററി രണ്ടുതരം ചിന്താഗതി കാണാം. പഴയ തലമുറയിലെ ചില യാഥാസ്ഥിതികന്മാരുടെതാണ് ഒന്ന്. അവർ സ്ത്രീയെ അടുക്കളയിൽ മാത്രം ഒതുക്കുകയും, പുരുഷന്റെ ഭോഗവസ്തുവായി മാത്രം ഗണിക്കുകയും ചെയ്യുന്നു. ഈ ദുരവസ്ഥ മുസ്ലിംകളിലും അല്ലാത്തവരിലുമുണ്ട്. അഭ്യസ്ത വിദ്യരായ ആധുനിക തലമുറയിലെ ചില ഭൗതിക ചിന്താഗതിക്കാരാണ് രണ്ടാമത്തെ വിഭാഗം. പാശ്ചാത്യൻ ചിന്താധാരയിൽ പുരോഗമനം കണ്ടെത്തുകയും

സ്ത്രീകളും പുരുഷന്മാരെപ്പോലെ തുല്യപദവിയും, സർവ്വതന്ത്ര സ്വാതന്ത്ര്യവും ആവശ്യപ്പെടുന്നത് ഇത്തരക്കാരാണ്.

മററു കാര്യങ്ങളിലെന്നപോലെ ഈ വിഷയത്തിലും ഇസ്ലാമിൻെറ നിലപാട് ഈ രണ്ടുചിന്താഗതികളും അതീതമാണ്. മേൽപറഞ്ഞ രണ്ടുവിഭാഗത്തിൽ ഒരുകൂട്ടർ സ്ത്രീയെ പ്രസവയന്ത്രമോ വീട്ടുമൃഗമോ ആക്കുന്നു മററവർ അവളെ അവളുടെ പ്രകൃതിപോലും മനസ്സിലാക്കാതെ പുരുഷനാക്കുന്നു. ഇസ്ലാം പറയുന്നു: സ്ത്രീ, അവരും മനുഷ്യനാണ്. മൃഗമല്ല. എന്നാൽ പുരുഷനുമല്ല.

ഖുർആൻ പറയുന്നതു നോക്കുക. ''മനുഷ്യരിൽ ചിലർക്ക് ചിലരേക്കാൾ അല്ലാഹു ശ്രേഷ്ഠത നൽകിയതുകൊണ്ടും പുരുഷന്മാർ തങ്ങളുടെ സ്വത്തിൽ നിന്ന് ചിലവഴിക്കേണ്ടതുകൊണ്ടും, അവരാണ് സ്ത്രീകളുടെ മേൽ അധികാരസ്ഥന്മാർ.'' ഇതിനർത്ഥം പുരുഷമേധാവിത്തവും സ്ത്രീക്ക് താഴ്മയും ഉണ്ട് എന്നല്ല. സ്ത്രീകൾ എന്ന പേരിൽ ഒരദ്ധ്യായംതന്നെ ഇറക്കിയ അല്ലാഹു പറയുന്നു. ''സ്ത്രീകൾക്ക് (പുരുഷന്മാരോടു) ബാധ്യതയുള്ളതുപോലെത്തന്നെ (അവരിൽ നിന്ന്) അവകാശങ്ങളും ഉണ്ട്.

ശരീര ശാസ്ത്രപരമായി നോക്കിയാലും ഈ വസ്തുത വ്യക്തമാകും. പുരുഷൻെറ പ്രകൃതവും സ്വഭാവവും, ബലിഷ്ഠവും ഗാംഭീര്യമാർന്നതുമാണ്. സ്ത്രീയുടേതാകട്ടെ കൂടുതൽ മൃദുവും ആർദ്രവുമാണ്. പ്രശ്നങ്ങളെ നേരിടുന്ന കാര്യത്തിൽ സ്ത്രീകളേക്കാൾ മനോദാർഢ്യവും ആർജ്ജവവും പുരുഷന്മാർക്കുതന്നെ. അതു സൃഷ്ടിയിൽ തന്നെയുള്ള പ്രത്യേകതയാണ്. പണ്ഡിതന്മാരും ചിന്തകന്മാരും ഈ തത്ത്വം മനസ്സിലാക്കിയിട്ടുണ്ട്. ഫ്രഞ്ച് എൻസൈക്ലോപീഡിയ എഴുതുന്നു: സ്ത്രീയുടെ പ്രകൃതി ഒരു ശിശുവിൻേറതുപോലെയാണ്. സന്തോഷം, ദുഃഖം. ഭയം എന്നിവ വേഗത്തിൽ അവളെ ബാധിക്കുന്നു. അതിവേഗം വികാരഭേദം പ്രത്യക്ഷപ്പെടുന്നു. ബുദ്ധിയും ചിന്താശക്തിയും പുരുഷനേക്കാൾ കുറവാണ്.''

ഒരു ഫ്രഞ്ചുമാസികയിൽ മാസ്റ്റർ ജോൽസിമൂൽ പറയുന്നു: 'പുറംജോലികൾ ചെയ്യുവരുന്ന ഒരു സ്ത്രീ, ഒരു പണിക്കാരൻെറ ജോലി നിർവഹിക്കുന്നു. പക്ഷെ ഒരു സ്ത്രീയുടെ

ജോലി നിർവഹിക്കുന്നില്ല. മില്ലുകളിലും യന്ത്രങ്ങളിലും പണിയെടുക്കുന്ന പെണ്ണുങ്ങൾ പണം സമ്പാദിക്കുന്നു. പക്ഷെ ഗാർഹിക ബാധ്യതകളുടെ നെടുംതൂൺ അതുമൂലം പൊട്ടിക്കപ്പെട്ടിരിക്കുന്നു.'

പല മഹാന്മാരും ഈ പ്രശ്നത്തിൽ സുചിന്തിതമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. മൊത്തത്തിൽ മനുഷ്യകഴിവുകളെയും പ്രതിഭയെയും കണക്കിലെടുത്താൽ സ്ത്രീയേക്കാൾ പുരുഷനാണ് മുന്നിൽ എന്ന് കാണാൻ പ്രയാസമില്ല. ഇത് സ്ത്രീയെ അപമാനിക്കലല്ല. സ്ത്രീത്വത്തെ അംഗീകരിക്കലാണ്. അതാണ് ഇസ്ലാം ചെയ്യുന്നതും. പക്ഷെ ഈ യാഥാർത്ഥ്യം മുസ്ലിംകൾപോലും മനസ്സിലാക്കാതെ പോകുന്നു.

## സ്ത്രീ പുരുഷ സമ്പർക്കം

സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന സമുദായം പരസ്പരം ഇടപഴകുകയും ബന്ധപ്പെടുകയും ചെയ്യുന്നേടത്തു സൂക്ഷ്മത പാലിക്കണമെന്ന് ഇസ്ലാം കല്പിക്കുന്നു. സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ ശരീരം മറച്ചിരിക്കണമെന്ന ശാസനപോലും ഇന്ന് പഴഞ്ചനായിരിക്കുകയാണ്. ചിന്തിക്കുന്ന ഏതു സമൂഹവും ഈ വസ്തുത അംഗീകരിക്കും. പ്രാചീനമായ പല സംസ്കാരങ്ങളിലും ഈ സൂക്ഷ്മത പുലർത്തിവന്നിരുന്നു.

എൻസൈക്ലോപീഡിയ ഓഫ് ഈജിപ്ത്'ൽ ഇങ്ങനെ കാണാം. ''പൗരാണിക ഗ്രീക്ക സ്ത്രീകൾ വീടുകളിൽ അടങ്ങിഇരുന്നിരുന്നു. ഗൃഹജോലികൾക്ക പുറമെ പരുത്തിയും രോമവും കൊണ്ട് നൂൽനൂൽക്കുക തുടങ്ങിയ ജോലിയും ചെയ്തിരുന്നു. അവർ പുറത്തിറങ്ങുമ്പോൾ ഏർപ്പെടുത്തിയിരുന്ന പർദ്ദ അല്പം അതിരുകവിഞ്ഞതായിരുന്നു. എന്നാൽ കാലപ്പഴക്കത്തിൽ അവർ തങ്ങളുടെ പൂർവ്വസ്ഥിതി മറന്നു. സ്ത്രീ പുരുഷ സമ്പർക്കം അനിയന്ത്രിതമായി. പ്രകടമായ അനുരാഗ പശ്ചാത്തലം എവിടെയും കാണാമായിരുന്നു. തൽഫലമായി അവരുടെ പാതിവ്രത്യവും, ധർമബോധവും നഷ്ടമായി. പുരുഷന്മാർ സ്ത്രീകൾക്കധീനമായി. ഒടുവിൽ സമുദായവും റോമാസാമ്രാജ്യവും തകർന്നുപോകാൻ അതു കാരണമായി'

ബുദ്ധിജീവികളുടെ ഇത്തരം പരാമർശങ്ങൾ എമ്പാടും ഉദ്ധരിക്കാൻ കഴിയും. അനിയന്ത്രിതമായ സമ്പർക്കവും സ്വാത

ന്ത്ര്യവും മതത്തിനും ധർമ്മത്തിനും മാത്രമല്ല ലോകസമാധാനത്തിനുതന്നെ ഭീഷണിയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. വനിതാ വിമോചന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കൾ പാശ്ചാത്യരാണ്. അവർ തന്നെയാണിതിന്റെ തിക്തഫലം അനുഭവിക്കുന്നതും. ഹിജ്റ 1356-ൽ പാരീസിലെ ഒരു ലോ കോളേജ് വിദ്യാർഥി ഈജിപ്തിലെ അൽ'ഫത്ഹ്' മാസികക്കയച്ച ഒരു കത്തിൽ ഇങ്ങനെ കാണാം.

''ഫ്രാൻസിലെ എല്ലാ കലാശാലകളിലും സ്ത്രീപുരുഷ സമ്പർക്കം സാധാരണമാണ്. പാരീസിൽ അതു ഗൗരവസ്ഥിതിയിലെത്തിയിരിക്കുന്നു. അതുമൂലം നീചസ്വഭാവങ്ങൾ ഉടലെടുക്കുകയും പഠനം താറുമാറാക്കുകയും ചെയ്യുന്നു. ഒരിക്കൽ നിയമശാസ്ത്ര പ്രൊഫസർ 'മിസ് ജോസേപ്പ് ബാർതലേമി' വിദ്യാർഥി വിദ്യാർഥിനികളുടെ തോന്ന്യാസം കാരണം ലക്ചർ ചെയ്യാൻ കഴിയാതെ ഇറങ്ങിപ്പോയി. പിന്നെ ഞങ്ങൾ ഹാളിൽ വന്നപ്പോൾ പ്രൊഫസറുടെ ലക്ചർപ്ലാററ്ഫോമിനിരുവശവും വിദ്യാർഥികൾക്കും വിദ്യാർഥിനികൾക്കും വേറെവേറെ ഇരിപ്പിടം തയ്യാറാക്കിവെച്ചതാണ് കണ്ടത്. ഈ വിവേചനം അധികം നീണ്ടുപോകാൻ അവർ സമ്മതിച്ചില്ല............''

സുദീർഘമായ ആ കത്തിൽ അവിടത്തെ മിക്സഡ് സംസ്കാരത്തിന്റെ ദൂഷ്യവും മററും വ്യക്തമായി കാണാം. കുത്തഴിഞ്ഞ ഈ സമ്പ്രദായം ഇസ്ലാം അംഗീകരിക്കുന്നില്ല. മാനവും സംസ്കാരവും ഉള്ള മനുഷ്യൻ കേവലം മൃഗങ്ങളെപ്പോലെ വികാര ജീവികളായി കാലം കഴിക്കേണ്ടവനല്ല. അവന്റെ ജീവിതം ജീർണതകളിൽ നിന്ന് മുക്തമായിരിക്കേണ്ടതുണ്ട്. ഉന്നതമായ സംസ്കാരവും ഭദ്രമായ കുടുംബജീവിതവും നയിക്കുന്ന സമൂഹത്തിനു മാത്രമേ നാഗരികത്വത്തിന്റെ ഉന്നതിയിലെത്താൻ സാധിക്കൂ.

എന്നാൽ നമ്മുടെ നാട്ടിലെ സ്ഥിതി അതിദയനീയമാണ്. സ്ത്രീകളുടെ സകല അഭിവൃദ്ധിയും തടഞ്ഞുകൊണ്ട്, അടുക്കളജോലിക്ക മാത്രം ഹോമിക്കപ്പെട്ടവരെന്നോണം പെരുമാറുന്ന യാഥാസ്ഥിതികത്വത്തിന്റെയും അന്ധതയുടെയും മൃഗീയഹസ്തങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കാനും, അവർക്ക്

ഇസ്ലാം അനുവദിക്കുന്ന അവകാശങ്ങൾ നൽകാനും വേണ്ടി നമ്മുടെ ഉലമാക്കൾ വളരെയേറെ കഷ്ടപ്പെടേണ്ടി വന്നിട്ടുണ്ട്. കുത്തഴിഞ്ഞ പാശ്ചാത്യൻ നീതിയുടെയും ഇടുങ്ങിയ യാഥാസ്ഥിതികത്വത്തിൻെറയും മധ്യേയാണ് ഇസ്ലാമിക ശരീഅത്ത് നിലകൊള്ളുന്നത്.

സ്ത്രീയും സമൂഹത്തിൻെറ ഭാഗമാണ്. ലോകത്തിൻെറ ഗതിവിഗതികൾ അവൾ മനസ്സിലാക്കേണ്ടതുണ്ട്. വിജ്ഞാനം സമ്പാദിക്കാനും ജീവിതത്തിൽ അതുപയോഗിക്കാനും അവൾക്കും കഴിയണം. എന്നാൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായവും സിലബസും കൃത്യമായി ശാസ്ത്രീയമാണോ എന്നു നാം പരിശോധിക്കണം. ഉയർന്ന ശാസ്ത്രസാങ്കേതിക വിദ്യകൾ പഠിപ്പിക്കപ്പെടുന്നതോടൊപ്പം ഗൃഹഭരണം,ശിശുപരിപാലനം, മന:ശാസ്ത്രം തുടങ്ങിയ വിഷയങ്ങളും ചെറിയ കൈത്തൊഴിലുകളും നൂൽനൂൽപ്പ് തുടങ്ങിയ ജോലികളും എന്തുകൊണ്ട് സ്ത്രീകൾക്ക് പ്രത്യേകമായി പഠിപ്പിച്ചുകൂടാ. ഒരു സ്ത്രീ വക്കീലോ, ഡ്രൈവറോ ആകാൻ പരിശീലനം നേടുന്നു. · പ്രകൃതി അവളിലേൽപിച്ച ഉത്തരവാദിത്തം നിർവഹിക്കാൻ വേണ്ട പരിജ്ഞാനം മാത്രം ശാസ്ത്രീയമായി അവൾക്ക് ലഭിക്കുന്നില്ല. സമൂഹത്തിൻെറ വളർച്ചയിൽ താല്പര്യമുള്ളവർ, ബോധപൂർവമായ വിദ്യാഭ്യാസരീതിയും പാഠ്യക്രമവും പൗരന്മാക്ക് നൽകേണ്ടതുണ്ട്. അതില്ലാതെ പോകുന്നതും സമൂഹത്തിൻെറ അധ:പതനത്തിന് കാരണമായിഭവിക്കുന്നു.

## പർദാ സമ്പ്രദായം

ഇസ്ലാമിലെ പർദാസമ്പ്രദായം ആധുനികർക്കിടയിൽ ഏറെ ആക്ഷേപത്തിനു വിധേയമായിട്ടുണ്ട്. വാസ്തവത്തിൽ സ്ത്രീകൾ തങ്ങളുടെ സൗന്ദര്യം പ്രദർശന വസ്തു ആക്കരുത് എന്ന ഉദ്ദേശത്തിൽ വസ്ത്രംകൊണ്ട് ശരീരം മറക്കണം എന്നനുശാസിക്കുന്നതാണീ പർദ എന്നുപറയുന്നത്. ഇതു മുഹമ്മദുനബി കൊണ്ടുവന്ന ഒരു പിന്തിരിപ്പൻ ആശയമല്ല. സാമൂഹിക സദാചാരവും ഉന്നത സംസ്കാരവും ആഗ്രഹിക്കുന്നവരൊക്കെ ഇതംഗീകരിക്കും.

ചരിത്രപരമായി നോക്കുമ്പോൾ ഈ സമ്പ്രദായത്തിനു വളരെ പഴക്കമുണ്ട്. ഇബ്രാഹിം നബിയുടെ ഭാര്യയ്ക്ക്

പുത്രനുണ്ടാവുമെന്ന സുവിശേഷം, മനുഷ്യരൂപത്തിൽ വന്ന ദൈവദൂതന്മാർ ഭർത്താവു മുഖേനയാണ് അറിയിച്ചത്. എന്ന് ചരിത്രത്തിൽ കാണുന്നു. ഇബ്രാഹീമി(അ)ന്റെ സഹോദര പുത്രി, ഇസ്ഹാഖിനെ കണ്ടപ്പോൾ മേൽമൂടികൊണ്ട് മുഖം മറച്ചതും, യഅ്ഖൂബ് നബിയുടെ മകനെ കണ്ടപ്പോൾ സാമാർ എന്ന യുവതി മുഖംമൂടിയതും അന്നത്തെ പർദാ സമ്പ്രദായം വെളിപ്പെടുത്തുന്നു. ക്രൈസ്തവർക്കിടയിൽ പർദാസമ്പ്രദായമുണ്ട്. അന്തർജനങ്ങളും മററും ആചരിച്ചുവരുന്ന മറക്കുട സമ്പ്രദായം പ്രസിദ്ധമാണല്ലോ. ഹിന്ദുക്കൾക്കിടയിലും ആ സമ്പ്രദായം–രൂപത്തിലും ഭാവത്തിലും വ്യത്യസ്തമെങ്കിലും– നടപ്പിലുണ്ടായിരുന്നുവെന്നാണ് അതിൽ നിന്നും മനസ്സിലാവുന്നത്.

ഇസ്ലാമിലെ പർദാ നിയമത്തെ രണ്ടുതരത്തിൽ ഭാഗിക്കാം. അന്യരായ സ്ത്രീയും പുരുഷനും തനിച്ചാവുന്നത് ഇസ്ലാം വിലക്കുന്നു. ഇതാണ് ഒരുരൂപം. നബി പറയുന്നു: ''രക്തബന്ധമുള്ളവരോടൊപ്പമല്ലാതെ ഒരു പുരുഷനും സ്ത്രീയുടെകൂടെ തനിച്ചാവരുത്.'' നോക്കൂ. ഏതൊരു നാഗരിക സമൂഹമാണീകാര്യം അംഗീകരിക്കാത്തത്?

മററുള്ളവർക്കിടയിലേക്കിറങ്ങുമ്പോൾ പ്രായപൂർത്തിയായ സ്ത്രീകൾ മുഖവും മുൻകയ്യും ഒഴിച്ച് ബാക്കി ശരീരഭാഗങ്ങൾ മറക്കണമെന്നതാണ് രണ്ടാമത്തെ രൂപം. ''അവർ തങ്ങളുടെ ശിരോവസ്ത്രങ്ങൾ മാറിടത്തിലൂടെ താഴ്ത്തിയിടണം'' എന്ന് ഖുർആൻ പറയുന്നു. ഈ കാര്യം വ്യക്തമാക്കുന്ന ഖുർആൻ വാക്യങ്ങളും നബിവചനങ്ങളും നിരവധിയാണ്. ദീർഘഭയത്താൽ അവ ഉദ്ധരിക്കുന്നില്ല. മാദകമായ സ്ത്രീ സൗന്ദര്യം വില്പനച്ചരക്കാക്കുന്ന ഇന്നത്തെ സമ്പ്രദായം, ഒരിക്കലും സ്ത്രീകളുടെ പുരോഗതിയിൽ താൽപര്യമുള്ളവർ അംഗീകരിക്കുമെന്നു തോന്നുന്നില്ല. അതേസമയം സ്ത്രീകളോടുള്ള ഇസ്ലാമിന്റെ സമീപനം അവരെ പുറകോട്ടുവലിക്കുമെന്നും പറഞ്ഞുകൂടാ. കാരണം മാന്യമായി വസ്ത്രം ധരിക്കണമെന്നു പറഞ്ഞാൽ അത് അവകാശം നിഷേധിക്കലോ അവരെ മോശമാക്കലോ അല്ല. അവരുടെയും സമൂഹത്തിന്റെയും സുരക്ഷിതത്വത്തിൽ കൂടുതൽ താത്പര്യം ഇസ്ലാം കാണിച്ചു എന്നുമാത്രം. അതാണല്ലോ മനുഷ്യത്വവും നീതിയും.

ഈ സത്യം ഉൾക്കൊള്ളാതെ പാശ്ചാത്യരെ അനുകരിച്ച വസ്ത്രം ഉരിഞ്ഞെറിയലാണ് ഫാഷൻ എന്നു ധരിച്ച ചില വിഡ്ഢികൾ മുസ്ലിം സമുദായത്തിലും ഉണ്ട് എന്നത് ഖേദകരമാണ്. മററുള്ളവർക്ക മുന്നിൽ സംസ്കാരം ഉയർത്തിപ്പിടിക്കാൻ നട്ടെല്ലില്ലാത്തവൻ താൻ സമുദായത്തെ ഒന്നടങ്കം ഒററിക്കൊടുക്കുകയാണെന്ന് അറിയുന്നില്ല. എന്നാൽ ഈ 'പരിഷ്കാരം' കൊണ്ട് തനിക്കോ തൻെറ കുടുംബത്തിനോ മററാക്കെങ്കിലുമോ ഒരു നേട്ടവുമില്ല എന്നതും ചിന്തിക്കേണ്ട കാര്യമാണ്.

പർദാ സമ്പ്രദായം സ്ത്രീകളുടെ പുരോഗതി തടയുന്നു എന്ന് ചിലർ ആക്ഷേപിക്കാറുണ്ട്. വസ്തുതകൾ ശരിയായി മനസ്സിലാക്കാൻ ശ്രമിക്കാത്തതിൻെറ ഫലമാണത്. വിദ്യാഭ്യാസമാണല്ലോ പുരോഗമനത്തിൻെറ ആധാരശില. ''വിദ്യ അഭ്യസിക്കുന്നത് ഓരോ മുസ്ലിം സ്ത്രീ പുരുഷനും ബാധ്യതയാണ്'' എന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചത്. വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ സ്ത്രീപുരുഷ സമത്വം പ്രഖ്യാപിച്ച മറേറതുമതമാണുള്ളത്? ഇസ്ലാമിൻെറ യഥാർത്ഥ ഐശ്വര്യം കളിയാടിയിരുന്ന ഏതുഘട്ടത്തിലും അവൻ വിദ്യാഭ്യാസപരമായി മുൻപന്തിയിലായിരുന്നു. കർമശാസ്ത്രം, ഹദീസ് നിദാനശാസ്ത്രം, വ്യാകരണം, സാഹിത്യം, ഗദ്യം, കവിത, പ്രസംഗം, അധ്യാപനം തുടങ്ങിയ തുറകളിലൊക്കെ പ്രാവീണ്യംനേടിയ സ്ത്രീരത്നങ്ങൾ ഇസ്ലാമിക ചരിത്രത്തിലുണ്ടായിരുന്നു. മഹാന്മാരായ സ്വഹാബികൾപോലും എത്രയോ കാര്യങ്ങൾ സാധാരണ സ്ത്രീകളോടു ചോദിച്ചു മനസ്സിലാക്കിയിരുന്നു.

ഇതൊന്നും പക്ഷെ, പർദ ഉരിഞ്ഞെറിഞ്ഞിട്ടായിരുന്നില്ല. വിദ്യാഭ്യാസമെന്നുപറഞ്ഞാൽ പാശ്ചാത്യ സർവ്വകലാശാലകളിലേതുപോലെത്തന്നെ വേണമെന്നതിനോടു ഇസ്ലാം തീർത്തും വിയോജിക്കുന്നു. പർദ പുരോഗതിക്ക് തടസ്സമല്ല. പ്രത്യുത, ആത്മീയവും ഭൗതികവുമായ യഥാർത്ഥ പുരോഗതിക്ക് വഴിയൊരുക്കുന്നതാണത്.

സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം ചെയ്യുന്നത് സ്ത്രീയാകട്ടെ പുരുഷനാകട്ടെ അവർക്ക് പ്രതിഫലമുണ്ട്'' എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. പുരുഷനോടൊത്ത് ആരാധന നടത്തുവാനും ആരാധനാലയത്തിൽ പ്രവേശിക്കാനും

ഇസ്ലാം അനുവദിക്കുന്നു. അഴിഞ്ഞാടാൻ അവിടെയും അനുവാദമില്ല. ഇതാണോ തെററ്?

സ്ത്രീകളുടെ പൗരസ്വാതന്ത്ര്യം ഇസ്ലാമിനോളം വകവച്ചു കൊടുത്ത ഒരു പ്രത്യയശാസ്ത്രവും ഇല്ല. യുദ്ധമുന്നണിയിൽവച്ച് ഒരു ശത്രുവിന് ഒരു സ്ത്രീ അഭയം നൽകിയാൽ ആ അഭയം നൽകപ്പെട്ടവനെ മുസ്ലിം സൈന്യം സുരക്ഷിതനായിവിടുന്നു. പെണ്ണിന്റെ അഭിപ്രായത്തിന് കല്പിച്ച വിലനോക്കൂ.

തന്റെ സ്വത്ത് കൈകാര്യം ചെയ്യാനും ക്രയവിക്രയം ചെയ്യാനും സ്ത്രീക്ക് തടസ്സമില്ല. കുടുംബത്തിന്റെ ചിലവ് അന്വേഷിക്കാൻ സ്ത്രീക്ക് ഇസ്ലാം ബാധ്യത ഏല്പിച്ചില്ല. പുരുഷനാണ് അത് നിർവഹിക്കേണ്ടത്. 'ഭാര്യയും ഭർത്താവും പ്രഭുവും ദാസിയുമായല്ല ജീവിക്കേണ്ടത്; ആത്മമിത്രങ്ങളായാണ്'' എന്നത്രെ പ്രവാചകന്റെ നിർദേശം. പ്രാർഥനയിലും ആലോചനകളിലും സ്ത്രീകളെ പങ്കെടുപ്പിക്കാനാണ് പ്രവാചക കൽപന. ഓരോന്നും വെവ്വേറെ പറഞ്ഞാൽ അവ ഓരോ പ്രബന്ധത്തിനുമാത്രം കാണും. ദൈർഘ്യം ഭയന്ന് ചുരുക്കുന്നു.

ഇത്രയുംപറഞ്ഞതിൽ നിന്ന് ഇസ്ലാമിലെ പർദ സ്ത്രീകളുടെ പുരോഗതിക്കോ പൗരത്വത്തിനോ വിലങ്ങുതടിയല്ലെന്നു വായനക്കാർ മനസ്സിലാക്കിക്കാണുമല്ലോ. സഹോദരന്മാരേ, ധാർമികബോധം ശൂന്യാവസ്ഥയിലേക്കെത്തിത്തുടങ്ങിയ ഈ ദശാസന്ധിയിൽ നാം നമ്മുടെ സ്ത്രീകളെപ്പററി ക്രിയാത്മകമായ പദ്ധതികളാവിഷ്കരിക്കാതിരുന്നാൽ, ഒന്നുകിൽ അവർ 'പരിഷ്കാര'ത്തിൽപെട്ട് 'പുരുഷൻ'മാരായിത്തീരും. അല്ലെങ്കിൽ യാഥാസ്ഥിതികത്വത്തിന്റെ തടങ്കൽ പാളയത്തിൽ മൃഗങ്ങളായി തളച്ചിടപ്പെടും. അതുരണ്ടും ആത്മഹത്യാപരമാണ്.

നമ്മുടെ പെൺകുട്ടികൾക്ക് ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം മതവിജ്ഞാനവും, ഗൃഹഭരണം, ശിശുപാലനം, പ്രഥമ ശുശ്രൂഷ തുടങ്ങിയ കാര്യങ്ങൾ പഠിപ്പിക്കുകയും കൈത്തൊഴിലുകളും കുടിൽ വ്യവസായങ്ങളും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതാണ്. എങ്കിൽ അവർക്ക് നഷ്ടപ്പെട്ട പ്രതാപവും സ്ഥാനമാനങ്ങളും തിരിച്ചുകിട്ടും. സമൂഹം ഭദ്രമായിരിക്കുകയും ചെയ്യും. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

# സമാപനം

ഇസ്ലാം എന്ന മഹാസാഗരത്തെ ഒരു വിഹഗവീക്ഷണം നടത്തുക മാത്രമേ ഈ ലഘുകൃതിയിൽ ചെയ്തിട്ടുള്ളു. ലോകത്ത് പല പ്രത്യയശാസ്ത്രങ്ങളുമുണ്ട്. മതങ്ങളും മതേതര പ്രസ്ഥാനങ്ങളും മതവിരുദ്ധ ആശയങ്ങളുമുണ്ട്. അവയ്ക്കൊക്കെ അനുയായികളും ഉണ്ട്. ഓരോ വിഭാഗം ആളുകളും തങ്ങൾ ഉൾക്കൊള്ളുന്ന ആശയം അനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാവുന്നു. എന്നാൽ ആസമൂഹത്തിലെ ഓരോ വ്യക്തിയെയും ചൂഴ്ന്നു നില്ക്കുകയും അവരുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലേക്കും വെളിച്ചം വീശുകയും ചെയ്യുന്ന ആദർശങ്ങൾ ഇല്ല എന്നു തന്നെ പറയാം.

ലോകത്ത് ഏററവുമധികം അനുയായികളുള്ളത് ക്രിസ്തുമതത്തിനാണ്. ഏററവും അധികം കോപ്പി വിററഴിക്കപ്പെടുന്നത് അവരുടെ വേദഗ്രന്ഥമായ ബൈബിളാണ്. ബൈബിൾ ഒരു ദർശനമോ ആദർശമോ സുവിശേഷമോ മോചന മന്ത്രമോ ഒക്കെ ആണെങ്കിലും മനുഷ്യജീവിതത്തെ ആത്യന്തികമായി അതുൾക്കൊള്ളുന്നില്ല. ദൈനംദിന ജീവിതമോ സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളോ കുടുംബകാര്യങ്ങളോ അത് കൈകാര്യം ചെയ്യുന്നില്ല.

ഇന്ത്യയിലെ മതങ്ങളായ ഹിന്ദുമതം ബുദ്ധമതം ജൈന മതം തുടങ്ങി ഏതുപരിശോധിച്ചാലും അവയൊക്കെ ധർമ ത്തിനും സനാതനത്വത്തിനും മുൻതൂക്കം നൽകിയിരുന്ന ദർശന ങ്ങളായിരുന്നു എന്നല്ലാതെ ദുൻയാവിൽ എങ്ങനെ ജീവിക്ക ണം എന്നതിന് വ്യക്തമായ കാഴ്ചപ്പാടുകൾ അവയിലില്ല.

മതങ്ങളെയും ധാർമിക സനാതന മൂല്യങ്ങളെയും മുഴുവൻ തള്ളിപ്പറഞ്ഞ്, ദൈവനിഷേധവും ഭൗതിക വാദവും അടിസ്ഥാ നമാക്കി ഈ നൂററാണ്ടിന്റെ മോചന മുദ്രാവാക്യവുമായി അട ുത്തുവന്ന പ്രസ്ഥാനമാണ് കമ്യൂണിസം. തൊഴിലാളിയെയും മുതലാളിയെയും വർഗ്ഗങ്ങളാക്കിതിരിച്ച് വർഗസംഘട്ടനങ്ങ ളിലൂടെ നിലനില്ക്കാൻ ശ്രമിക്കുകയും, സമ്പത്താണ് മാനവി കതയുടെ ആധാരശില എന്ന് സിദ്ധാന്തിക്കുകയും, ആ സ മ്പത്ത് വ്യക്തികളിൽ നിന്ന് 'സ്റ്റേററി'ലേക്ക് നീങ്ങുകയെന്ന താണ് മോചനത്തിന്റെ ആത്യന്തിക സ്ഥിതി എന്ന് സ്വപ്നം കാണുകയും ചെയ്ത സിദ്ധാന്തം പക്ഷെ, മനുഷ്യന് ജീവിത ത്തിൽ കൊണ്ടുനടക്കാവുന്ന പ്രായോഗിക പദ്ധതിയല്ല എന്ന് വ്യക്തമാണ്.

ഇസ്ലാമിന്റെ സ്ഥിതി അതല്ല. നമുക്കെത്തിപ്പിടിക്കാൻ പററാത്ത പാലും തേനും ഒഴുകുന്ന സ്വർഗത്തെപ്പററിപറഞ്ഞ് പററിക്കുകയല്ല ഇസ്ലാം. മനുഷ്യന് ഈ ലോകത്ത് മനുഷ്യ നായി ജീവിക്കുകയും മരണാനന്തരം സ്വർഗീയ സുഖം കര സ്ഥമാക്കുകയും ചെയ്യണമെന്നാണതിന്റെ മൂലസിദ്ധാന്തം. വ്യക്തിപരവും കുടുംബപരവും സാമൂഹികവും രാഷ്ട്രീയവും രാഷ്ട്രാന്തരീയവുമായ പ്രശ്നങ്ങൾ അതുകൈകാര്യം ചെയ്യുന്നു. ഒരാളുടെ ദൈനംദിന ജീവിതത്തിൽ കൃത്യമായും കണിശമായും ഇസ്ലാം ഇടപെടുന്നു. ആർക്കും പിടികിട്ടാത്ത ഉട്ടോപ്യ അല്ല; ഇത് പച്ചയായ മനുഷ്യന്റെ ജീവിതത്തിന്റെ വ്യത്യസ്ത മണ്ഡ ലങ്ങളെ ജീവിത ഗന്ധിയായി സ്പർശിക്കുകയും അവിടെയൊക്കെ ത്തന്നെ നെറിയും നെറികേടും ധർമവും അധർമവും വ്യതിരി ക്തമായി വരച്ചുകാണിക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിന്റെ പ്രമാണമായ ഖുർആനിക നിർദേശ ങ്ങളും നിയമങ്ങളും കാലാതിവർത്തിയായി നില്ക്കുന്നു. ചരിത്ര വും ശാസ്ത്രവും കഥകളും നിയമങ്ങളും കല്പനകളും നിരോധ

ങ്ങളും അവയിലുണ്ട്. ഖുർആനിന്റെ കൽപനകൾ ഏതെങ്കിലും കാലഘട്ടത്തിനനുസരിച്ച് മാററിപ്പറയേണ്ടി വന്നിട്ടില്ല. നിരോധനങ്ങൾ ഏതെങ്കിലും കാലത്ത് കൊള്ളാവുന്ന കാര്യമായി പരിഗണിച്ചിട്ടില്ല. കാരണം അത് അല്ലാഹുവിന്റെ വചനങ്ങളത്രെ.

ഇങ്ങനെ പ്രായോഗികമായ ഇസ്ലാം എന്ന മതം അതിന്റെ അനുയായികളിലും അല്ലാത്തവരിലും ചെലുത്തുന്ന സ്വാധീനവും അവക്കനുവദിക്കുന്ന വ്യക്തി സ്വാതന്ത്ര്യവും, അതുവിശദീകരിക്കുന്ന പൗരധർമവും ഒരെത്തിനോട്ടം മാത്രമാണിത്. നാഗരീക സമൂഹസൃഷ്ടിക്കായി ഖുർആൻ നമുക്ക് തരുന്ന വെളിച്ചം എന്താണെന്ന് മൊത്തത്തിൽ ഇതിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഓരോ അധ്യായവും വിശദീകരണം അർഹിക്കുന്നു. ഏതാനും കാര്യങ്ങൾ മാത്രമേ അല്പം വിശദീകരിക്കാൻ കഴിഞ്ഞിട്ടുള്ളു. ജീവിക്കുന്ന ഒരു പ്രത്യയശാസ്ത്രം എന്ന നിലയിൽ ഇസ്ലാമിനെപ്പററി പഠിക്കാൻ താൽപര്യമുള്ളവക്ക് ഒരു സൂചിക മാത്രമാണീകൃതി. ഇതിലൂടെ ഒരാളെങ്കിലും ഈ ആത്യന്തിക ദൗത്യത്തിന്റെ അന്തസ്സത്ത മനസ്സിലാക്കാൻ ശ്രമിച്ചാൽ അതായിരിക്കും മറെറന്തിനേക്കാളും ഉത്തമം.

അജ്ഞതമൂലം ഇസ്ലാമിനെ മനസ്സിലാക്കാത്തവർ ധാരാളമുണ്ട്. കാര്യം വളരെ വ്യക്തമായി മനസ്സിലായിട്ടും സ്വാർഥമായ താത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി കണ്ണുചിമ്മുന്നവരും ഈ കനൽക്കട്ടയുടെ മുകളിൽ ദുഷ്പ്രചാരണത്തിന്റെ വെണ്ണീർ നിറക്കുന്നവരും ഇവിടെയുണ്ട്. ഈ രണ്ടുവിഭാഗത്തിനും ആവശ്യമായ വസ്തുതകളുടെ സംക്ഷിപ്തം മാത്രമാണിത്. സർവ്വശക്തൻ ഈ സംരംഭം സൽകർമമായി അംഗീകരിക്കട്ടെ. ആമീൻ.

## أهداف وأنشطة المكتب :

١ – نشر العلم الشرعي والوعي والثقافة الإسلامية بين المسلمين.

٢ – تعريف غير المسلمين بالإسلام وتأليف قلوبهم ودعوتهم إليه.

٣ – متابعة وتعليم الجاليات المسلمة عن طريق الدروس والكتب والأشرطة وغيرها.

٤ – توفير وتحقيق وترجمة الكتاب والشريط والرسالة الدعوية بمختلف اللغات.

٥ – التعاون مع الجهات الرسمية والمؤسسات الخيرية والدعوية والأهلية في مجال الدعوة.

٦ – استقطاب الطاقات المؤهلة وتوظيفها لخدمة الدعوة وإعداد الدعاة بمختلف اللغات.

٧ – اشهار إسلام الراغبين في الدخول بالإسلام.

٨ – تنظيم الرحلات التعليميه وحملات الحج والعمرة للمسلمين الجدد.

٩ – إقامة نشاطات المناسبات كالإجازات والأعياد وتفطير صائم وصرف زكاة المال والفطر للجاليات المستحقة.

**احبتنا في الله :**

لا يخفى عليكم أهمية الدعوة إلى الله في تعليم الجاهل وهداية الضال وإقامة الحجة وابراء الذمه بل وكسب الأجر الجزيل وفي ضدها الإثم العظيم لقوله عليه الصلاة والسلام «**من دعا إلى هدى كان له من الأجر مثل اجور من تبعه لا ينقص ذلك من أجورهم شيئا ومن دعا إلى ضلاله كان عليه من الإثم مثل آثام من تبعه لا ينقص ذلك من آثامهم شيئا**» لذلك فإن المكتب يتيح لكم فرص أداء واجب الدعوة من خلال المساهمة بالرأي والجهد والمال فلا تتردد وفقك الله في اغتنامها.

**أخي المسلم :**

تمت طباعه هذا الكتاب على حساب احد المحسنين أثابه الله فلا تحرم نفسك أجر إعادة طباعته فالكتاب والشريط من أقوى وسائل الدعوة وقال عليه الصلاة والسلام «إذا مات ابن آدم انقطع عمله إلا من ثلاث : صدقة جارية أو علم ينتفع به أو ولد صالح يدعو له»

رقم الحساب ١٠٩٠٩

شركة الراجحي للاستثمار - فرع الروضة

المكتب التعاوني للدعوة والارشاد وتوعية الجاليات في حي الروضة بالرياض

تحت اشراف وزارة الشئون الإسلامية والأوقاف والدعوة والإرشاد

هاتف ٤٩١٨٠٥١ فاكس ٤٩٧٠٥٦١ – ص.ب ٨٧٢٩٩ الرياض ١١٦٤٢

مطبعة النرجس التجارية – ت: ٢٣١٦٦٥٣ فاكس ٢٣١٦٨٦٦